PALAKKAD
Rupatha Bulletin



Editor
**Fr. Jaimon Pallineerakkal**

Published by
**Fr. Joshy Pulikkottil**

**Bishop's House**
PB No. 4, Noorani P.O.
Palakkad- 678 004
Ph: 0491-2515277, Fax: 2525129

Printed at
**JIM Offset, Palakkad**

Annual Subscription: Rs. 200

## ഉള്ളടക്കം

ഇടയലേഖനം (സഭാദിനം)..............................03
സർക്കുലർ (യുവജനദിനം)............................09
Bishop's Engagement...................................16
From the Bishop's Office.............................17
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .................21
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്...........26
വിശ്വാസവർഷ പഠനസഹായി.........................27
നിത്യാരാധനാ കപ്പേള....................................32
വിശ്വാസപരിശീലനവേദി.................................33
സ്റ്റാർസ്.........................................................39
ബൈബിൾ അപ്പോസ്റ്റലേറ്റ്.............................40
തിരുബാലസഖ്യം............................................42
അൾത്താരസംഘം.........................................44
സി.എം.എൽ................................................45
കെ.സി.വൈ.എം..........................................47
മാതൃസംഘം..................................................47
ഫാമിലി അപ്പോസ്റ്റലേറ്റ്.................................48
മദ്യവിരുദ്ധസമിതി..........................................48
നവീകരണമുന്നേറ്റം.......................................50
സെഹിയോൻ ധ്യാനകേന്ദ്രം...........................51
പി. എസ്. എസ്. പി......................................52
കെ.എൽ.എം...............................................58
From the Bishop's Diary...............................59

### ഇടയലേഖനം

# ദുക്റാന തിരുനാൾ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

ദുക്റാന തിരുനാൾ, മാർ തോമാശ്ലീഹായുടെ ഓർമ്മദിനം. ക്രൈസ്തവവിശ്വാസം എന്ന ദാനം മാർ തോമാശ്ലീഹായിലൂടെ നമുക്കു ലഭിച്ചതിന്റെ ഓർമ്മ ഒരിക്കൽ കൂടി നാം ആഘോഷിക്കുകയാണ്. വിശ്വാസം നിരന്തരം നവീകരിക്കപ്പെടേണ്ട യാഥാർത്ഥ്യമാണ്. ഈ സത്യം നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടു കത്തോലിക്കാസഭ വിശ്വാസവർഷം ആചരിക്കുകയാണല്ലോ. ഈ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ദുക്റാന തിരുനാൾ നാം ആഘോഷിക്കുന്നത്. അതിനാൽ നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്തുവാനും വിശ്വാസാനുസൃതമായ ജീവിതനവീകരണം സാധിക്കുവാനും ഈ തിരുനാളാചരണം നമുക്കു ഉപകരിക്കണം.

കർത്താവായ ദൈവം ഫ്രാൻസീസ് പാപ്പായെ നല്കി സഭയെയും ലോകത്തെയും അനുഗ്രഹിച്ചിരിക്കുന്ന കാലമാണിത്. മിശിഹായെ മുൻനിർത്തി സഭാജീവിതം കൂടുതൽ ലാളിത്യവും കാരുണ്യവും പ്രകാശിപ്പിക്കുന്ന ദൈവജനത്തിന്റെ കൂട്ടായ്മയായി വളർത്തുവാൻ ഫ്രാൻസീസ്പാപ്പാ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടിരിയ്ക്കുകയാണല്ലോ. മാർപാപ്പായ്ക്കടുത്ത തന്റെ ശുശ്രൂഷയിലൂടെയും അദ്ദേഹം ഇതു വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. ലോക രാഷ്ട്രങ്ങളുടെ ഇടയിൽ ഭാരതം വികസനത്തിന്റെ പടവുകൾ ചവിട്ടി കയറുന്ന കാലഘട്ടവുമാണിത്. ഭാരതത്തിലെ സഭയ്ക്കു പൊതുവെയും സീറോ മലബാർ സഭയ്ക്കു പ്രത്യേകിച്ചും ദൈവം നല്കുന്ന അനുഗ്രഹങ്ങളെ നമുക്കു സ്മരിക്കാം. നമ്മുടെ വിശ്വാസപരവും പൗരധർമ്മാധിഷ്ഠിതവുമായ ഉത്തരവാദിത്വങ്ങളെ കൂടുതൽ സജീവവും ഫലപ്രദവുമാക്കുവാൻ ഈ കാലഘട്ടത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വിശ്വാസത്തിന്റെ വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായവശങ്ങളെ ആധുനികസാഹചര്യങ്ങൾക്കു യോജിച്ച രീതിയിൽ വിലയിരുത്തി പുതിയ പ്രവർത്തനമേഖലകൾ കണ്ടെത്തുവാൻ ദുക്റാന





തിരുനാൾ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. അന്ന് തോമാശ്ലീഹാ ചെയ്തതിന് സമാനമായ ഒരു സുവിശേഷ പ്രഘോഷണവും സഭാസമൂഹത്തിന്റെ നിർമ്മിതിയും സാധിക്കുവാൻ നാമും പരിശ്രമിക്കേണ്ടിയിരിക്കുന്നു. തോമാശ്ലീഹാ ഏഴര സഭാസമൂഹങ്ങളെ രൂപപ്പെടുത്തിയെന്നാണല്ലോ പാരമ്പര്യങ്ങൾ സാക്ഷിക്കുന്നത്. സഭാ നിർമ്മിതിയെന്നു പറയുമ്പോൾ സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹ നിർമ്മിതിയും അതിൽ ഉൾപ്പെടുന്നുണ്ട്. കേരളത്തിലെ സഭയെ സംബന്ധിച്ചിടത്തോളം മൂല്യാധിഷ്ഠിതമായ ഒരു സമൂഹ നിർമ്മിതിയിൽ ഉൾച്ചേരുവാൻ ക്രൈസ്തവരായ നമുക്കു കൂടുതൽ ഉത്തരവാദിത്വമുണ്ട്. കേരളത്തിനു പുറത്തുള്ള സീറോ-മലബാർ സഭാസമൂഹങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ വിശ്വാസസാക്ഷ്യത്തിന്റെ പതിപ്പുകളായ സഭാ സമൂഹങ്ങളെ രൂപപ്പെടുത്തുകയാണ് നമ്മുടെ പ്രഥമ കർത്തവ്യം. ദുക്റാന തിരുനാളിൽ ഇപ്രകാരം സഭയുടെ പുനർനിർമ്മിതിയ്ക്കും സമൂഹത്തിന്റെ സമുദ്ധാരണത്തിനുമായി നമ്മെ സമർപ്പിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സഭയുടെ നിർമ്മാണത്തിനായാലും സമൂഹത്തിന്റെ സമുദ്ധാരണത്തിനായാലും തിന്മകളോടുള്ള പോരാട്ടവും നന്മ ചെയ്യാനുള്ള സന്നദ്ധതയും നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. അനീതിയുടെ പ്രവർത്തനങ്ങളായ കൈക്കൂലി, അഴിമതി, സ്ഥല-ധന ക്രയവിക്രയങ്ങളിലെ മാഫിയാ പ്രവർത്തനങ്ങൾ മുതലായവ നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന തിന്മകളാണ്. ഭ്രൂണഹത്യയും ദയാവധവും മനുഷ്യനെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ അധികാരത്തെ തിരസ്കരിക്കുന്ന ചെയ്തികളാണ്. അനീതിയ്ക്കു വിധേയരായി കൊടുംയാതനകൾ അനുഭവിക്കുന്ന അനേകരുണ്ട്. കുട്ടികളും സ്ത്രീകളും ചൂഷണത്തിനും പീഡനങ്ങൾക്കും വിധേയരാകുന്ന ദുഃഖകരമായ സംഭവങ്ങൾ ദിനംപ്രതി കേൾക്കുന്നു. ജോലിയില്ലാത്തവരും പ്രായാധിക്യത്തിൽ എത്തിയവരും പ്രവാസികളും ഭവനരഹിതരും പാർശ്വവൽക്കരിക്കപ്പെടുന്നവരും മദ്യാസക്തിക്കും ലഹരിക്കും അടിമകളാകുന്നവരും മനുഷ്യകടത്തലുകൾക്കു വിധേയരാകുന്നവരും വർദ്ധിച്ചുവരികയാണ്. ഈ ദുഃസ്ഥിതിക്കെതിരെ അതീവ ജാഗ്രതയോടുകൂടി ക്രൈസ്തവവിശ്വാസികൾ പ്രവർത്തനനിരതരാകേണ്ടിയിരിക്കുന്നു. തിന്മകൾക്കെതിരെ പോരാടുക മനുഷ്യവർഗ്ഗത്തിന്റെ പുരോഗതി ലക്ഷ്യംവയ്ക്കുന്ന എല്ലാവ രുടെയും ദൗത്യമാണ്; ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം

അവരുടെ വിശ്വാസത്തിൽ അധിഷ്ഠിതമായ കടമയുമാണ്. എന്നാൽ തിന്മകളെ പ്രതിരോധിക്കുന്നതോടൊപ്പം നന്മയ്ക്കായുള്ള ക്രിയാത്മക പദ്ധതികൾക്ക് രൂപം കൊടുക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുകയാണ് കൂടുതൽ ഫലദായകം. തിന്മയെ നന്മകൊണ്ട് എതിർക്കുകയെന്ന സുവിശേഷ സന്ദേശത്തിന്റെ അർത്ഥവും അതുതന്നെയാണ് (ലൂക്കാ 6,27-36) സഭയുടെ വിദ്യാഭ്യാസപരവും ആതുര ശുശ്രൂഷാപരവും ജീവകാരുണ്യപരവും സാമൂഹ്യക്ഷേമപരവും കലാ-കായികവുമായ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം ജനങ്ങളുടെ ഇപ്രകാരമുള്ള നന്മയും അഭിവൃദ്ധിയുമാണ്.

നീതിയുടെ നിർവ്വഹണത്തിനായി സഭയോ സന്നദ്ധ പ്രസ്ഥാനങ്ങളോ സർക്കാരോ മുന്നോട്ടു വയ്ക്കുന്ന എല്ലാ പദ്ധതികളോടും സുമനസ്സുകൾ ആത്മാർത്ഥതയോടെ സഹകരിക്കണം. പരിസ്ഥിതി സംരക്ഷണം മനുഷ്യന്റെ നിലനില്പിനുതന്നെ ആവശ്യകമായ കർമ്മപദ്ധതിയാണ്. നദികളുടെയും ജലാശയങ്ങളുടെയും ശുദ്ധി പരിപാലിക്കൽ ഒരു പൗരധർമ്മമായി കരുതി വ്യക്തികളും സ്ഥാപനങ്ങളും നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യസമൂഹത്തിന്റെ നന്മയെ മുൻനിറുത്തി വേണം ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ. ക്രൈസ്തവരോടു മാത്രമല്ല ദൈവത്തിലും മനുഷ്യന്റെ നന്മയിലും വിശ്വസിക്കുന്ന എല്ലാവരോടുമായി എനിക്ക് പറയാനുള്ളത് സമൂഹത്തിന്റെ പുനർനിർമ്മിതിയിൽ നമുക്ക് ഒന്നുചേർന്നു പങ്കുചേരാം എന്നാണ്. സഭകളുടെയും മതങ്ങളുടെയും പുനർനിർമ്മിതി അഥവാ നവീകരണവും, ഭാരതനാടിന്റെ സമുദ്ധാരണവും നമ്മുടെ കൂട്ടുത്തരവാദിത്വത്തിൽ നിറവേറേണ്ട ലക്ഷ്യങ്ങളാണ്. ഈ ലക്ഷ്യപ്രാപ്തിയിൽ ക്രിസ്തുവും ആവിടുത്തെ പ്രബോധനങ്ങളുമാണ് നമുക്കു മാർഗ്ഗദർശകമാകേണ്ടത്.

ഞാനാകുന്നു വഴിയും സത്യവും ജീവനും (യോഹ.14,6) എന്ന ക്രിസ്തുവിന്റെ മർമ്മപ്രധാനമായ സത്യാവിഷ്ക്കരണം നമുക്കു ലഭിച്ചത് തോമ്മാശ്ലീഹായുടെ ഇടപെടൽ വഴിയാണ്. ഈശോമിശിഹായിലൂടെ ദൈവത്തിങ്കലേയ്ക്കുള്ള വഴി ഭാരതീയരെ ആദ്യമായി പഠിപ്പിച്ചതും മാർതോമാശ്ലീഹായാണ്. അതിനാൽ തന്നെ അദ്ദേഹം പഠിപ്പിച്ച സത്യവിശ്വാസത്തിന്റേതായ ജീവിതശൈലിയെ തോമാമാർഗ്ഗം എന്ന് വിശേഷിപ്പിക്കുന്നുമുണ്ട്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിശ്വാസജീവിതമെന്നു പറഞ്ഞാൽ ക്രിസ്തുവിലുള്ള ജീവിതമാണ്. ക്രിസ്തുവാ





കുന്ന വ്യക്തിയോടാണ് ഓരോ ക്രൈസ്തവനും തന്നെത്തന്നെ യോജിപ്പിച്ചു നിറുത്തേണ്ടത്. അവിടുത്തെ സന്ദേശവും ജീവിതസാക്ഷ്യവും അവിടുന്നിൽ വിശ്വസിക്കുന്നവരുടെ സന്ദേശവും സാക്ഷ്യവുമായി മാറണം. എന്നാൽ ക്രൈസ്തവ വിശ്വാസികൾ തന്നെ പലപ്പോഴും ലൗകിക ചിന്താഗതികൾക്ക് വശംവദരായി തങ്ങളുടെതായ ചിന്താരീതികളും ജീവിതശൈലികളും അവലംബിച്ച് വരുന്നതായാണ് കാണുന്നത്. കർത്താവായ ക്രിസ്തു കുരിശിൽകിടന്നുകൊണ്ട് തന്നെ ക്രൂശിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു: പിതാവേ, അവരോടു ക്ഷമിക്കണമെ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല (ലൂക്ക 23,34). ഇന്ന് നാം അറിയാതെ ചെയ്യുന്ന പാപങ്ങൾ സമൂഹത്തിൽ മറ്റുള്ളവർക്ക് ദ്രോഹങ്ങൾ വരുത്തുന്നുണ്ട്. എന്താണീ അറിയാതെ ചെയ്യുന്ന പാപങ്ങൾ? തെറ്റായ ബോദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ നാം ശരിയാണെന്നു കരുതി ചെയ്യുന്ന തെറ്റുകളാണ് അവ. അതിനാൽ നമ്മുടെ ബോദ്ധ്യങ്ങളെ നിരന്തരം പരിശോധിച്ച് അവയിൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ നാം സന്നദ്ധരാകണം. ഇന്ന് മാർതോമാ ക്രിസ്ത്യാനികൾ പല സഭകളിലായി വേർപെട്ടു നില്ക്കുകയാണല്ലോ. ചരിത്രത്തിന്റെ ഗതിവിഗതികളിൽ ഉണ്ടായ അഭിപ്രായ ഭിന്നതകളും വ്യത്യസ്ത അഭിപ്രായങ്ങളെ മനസ്സിലാക്കാനുള്ള സന്നദ്ധതക്കുറവും ഭിന്നതകൾ തുടർന്നും നിലനില്ക്കുന്നതിനു കാരണമാകാം. അത്തരം സാധ്യതകളെ കഴിവതും പരിഹരിച്ച് സഭകൾ തമ്മിൽ കൂടുതൽ ഐക്യത്തിൽ വരുവാനായി മാർതോമാ ക്രിസ്ത്യാനികൾ പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കേണ്ടിയിരിക്കുന്നു. സഭൈക്യത്തിനു വേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളിലും ഉദാരതയോടെ സഹകരിച്ച് പ്രവർത്തിക്കാൻ നാമേവരും സന്നദ്ധരാകണം. നമ്മുടെ വ്യക്തിസഭയിലെ അനൈക്യപരമായ നിലപാടുകളെ പുന:പരിശോധിച്ച് പൂർണ്ണമായ ഐക്യവും കൂട്ടായ്മയും സംസ്ഥാപിക്കുവാൻ നാം ജാഗ്രതയോടെ പ്രവർത്തിക്കണം. ഞാൻ അവർക്ക് ഏകമനസ്സും ഏക മാർഗ്ഗവും നല്കും (ജെറ. 32,39) എന്ന ജെറമിയായുടെ പ്രവചനം സഭയിൽ പൂർത്തീകരിക്കപ്പെടുവാൻ ഇടയാകണം.

ഭാരതത്തിലെ 29 സീറോ മലബാർ രൂപതകളിലും, ഭാരതത്തിനു പുറത്ത് ചിക്കാഗോ രൂപതയിലും ലോകമെമ്പാടുമുള്ള പ്രവാസി സമൂഹങ്ങളിലും കൂടി 40 ലക്ഷം ക്രൈസ്തവ വിശ്വാസികളുടെ കൂട്ടായ്മയാണ് സീറോ-മലബാർ സഭ. ഈ വ്യക്തി സഭയുടെ കൂട്ടായ്മയ്ക്കു പുറത്ത്

30 മെത്രാന്മാരെയും അനേകം വൈദികരെയും സമർപ്പിത സഹോദരീസഹോദരന്മാരെയും സംഭാവന ചെയ്തുകൊണ്ട് ഇതര കത്തോലിക്കാ വ്യക്തിസഭകളിലും പ്രത്യേകിച്ച് ലത്തീൻ സഭയിലും ഉൾച്ചേർന്നു പ്രവർത്തിക്കുന്ന സഭയാണു നമ്മുടേത്. ഈ സാർവ്വത്രിക സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ നാം ഇനിയും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം നമ്മുടെ സഭാജീവിതശൈലിയുടെ സവിശേഷതകളാണ് നമ്മുടെ വളർച്ചയ്ക്കു നിദാനമായി നിൽക്കുന്നത്. നമ്മുടെ വി. കുർബാനയുടെ ആഘോഷം, മറ്റു കൂദാശകളുടെ സ്വീകരണരീതികൾ, വിശ്വാസപരിശീലനപദ്ധതി, വിദ്യാഭ്യാസം ആതുരസേവനം ജീവകാരുണ്യം സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിലെ തനതായ ശൈലികൾ, പള്ളിയോഗം, സഭാ അസംബ്ലി എന്നീ ഘടനകളിലൂടെ അത്മായ പങ്കാളിത്തത്തോടെയുള്ള സഭാഭരണ ശൈലി, നോമ്പ്, ഉപവാസം, കുടുംബപ്രാർത്ഥന, കുടുംബകൂട്ടായ്മകളുടെ പ്രവർത്തനം, തിരുനാൾ ആഘോഷങ്ങൾ, തീർത്ഥാടനങ്ങൾ ഇവയെല്ലാം ഒന്നുചേരുമ്പോഴാണ് നമ്മുടെ സഭാമക്കൾ വിശ്വാസചൈതന്യത്തിൽ ഊർജ്ജസ്വലരാകുന്നത്. അജപാലനസൗകര്യങ്ങൾ പരിമിതമാണെങ്കിലും നമ്മുടെ പ്രവാസികൾ തങ്ങളുടെ ക്രൈസ്തവവിശ്വാസം ജീവിക്കുന്നതിൽ ഔത്സുക്യം കാണിക്കുന്നുവെന്നതിൽ ഞാൻ സന്തോഷിക്കുകയും അവരെ അനുമോദിക്കുകയും ചെയ്യുന്നു. സഭാസംവിധാനങ്ങളോടുകൂടിയ കൂടുതൽ അജപാലനസൗകര്യങ്ങൾ നമ്മുടെ പല പ്രവാസിസമൂഹങ്ങളിലും ലഭിക്കേണ്ടതുണ്ട്. ഇത്തരം സംവിധാനങ്ങൾ ലഭിക്കേണ്ടവരായി ഗൾഫ് രാജ്യങ്ങളിൽ നാലു ലക്ഷത്തിലധികം വിശ്വാസികളും , യൂറോപ്യൻ രാജ്യങ്ങളിലായി ഒന്നരലക്ഷത്തോളം പേരും ആസ്ട്രേലിയ-ന്യൂസിലണ്ട് രാജ്യങ്ങളിലായി നാല്പത്തയ്യായിരത്തോളം പേരും ഉണ്ടെന്നതാണ് വസ്തുത. കൂടാതെ സൗത്ത് ആഫ്രിക്ക, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലും സീറോ-മലബാർ വിശ്വാസികളുടെ ഗണ്യമായ സമൂഹങ്ങൾ ഉണ്ട്. ഭാരതത്തിൽ തന്നെ ചെന്നൈയിൽ അറുപതിനായിരവും ബാംഗ്ലൂരിൽ എൺപതിനായിരവും സീറോ-മലബാർ വിശ്വാസികളുണ്ട്. ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ ബോധപൂർവ്വമായ ഇടപെടലിലൂടെയും മാത്രമേ മേൽപ്പറഞ്ഞ മേഖലകളിലെല്ലാം നമുക്ക് സഭാസംവിധാനങ്ങൾ ലഭിക്കുകയുള്ളൂ. ക്ഷമാപൂർവ്വം കാത്തിരുന്ന് പ്രാർത്ഥനാ നിരതരായി നമുക്കു പ്രവർത്തിക്കാം.





ഇത്തരം നമ്മുടെ പരിശ്രമങ്ങളെ വിഘാതപ്പെടുത്തുന്ന രീതിയിൽ നമ്മുടെ സഭയുടെ കൂട്ടായ്മയ്ക്കു തന്നെ ഭംഗം വരുത്തുന്ന യാതൊരു പ്രവർത്തനങ്ങളിലും സഭാമക്കൾ ഏർപ്പെടുവാൻ ഇടയാകരുതെന്നുകൂടി ഈയവസരത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ദുക്റാനത്തിരുനാൾ സഭാദിനമായാണ് നാം ആചരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ വളർച്ചയും കൂട്ടായ്മയും പരിപോഷിപ്പിക്കുന്ന വിചിന്തനങ്ങളും പ്രവർത്തനപരിപാടികളും ദുക്റാനതിരുനാളിനോടനു ബന്ധിച്ചു നടത്തുവാൻ സഭാമക്കളേവരും പരിശ്രമിക്കേണ്ടതാണ്. അതിനായി രൂപതകളും ഇടവകകളും നേതൃത്വംനല്കി ദൈവജനത്തെ പ്രത്യേകിച്ച് കുട്ടികളെയും യുവതീയുവാക്കളെയും പ്രോത്സാഹിപ്പി ക്കേണ്ടതാണ്. സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കു പ്രത്യേകിച്ച് പ്രേഷിത പ്രവർത്തനങ്ങൾക്ക് ആവശ്യകമായ സഹായസഹകരണങ്ങൾ നല്കുവാനും എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സഭയിലെ പിതാക്കൻമാരുടെ നേതൃത്വത്തിൽ വൈദികരും സമർപ്പിതരും അല്മായ പ്രേഷിതരും ചെയ്യുന്ന എല്ലാ നല്ല പ്രവർത്തന ങ്ങൾക്കും അനുമോദനങ്ങൾ നേരുകയും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി വിശ്വാസത്തിലും സന്മാർഗ്ഗത്തിലും അടിയുറച്ചു വളരാൻ കാരുണ്യ വാനായ കർത്താവ് നിങ്ങളെല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ യെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും ഞാൻ ആശീർവദിക്കുന്നു. തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

മൗണ്ട് സെന്റ് തോമസ് **+ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
13-06-2013 മേജർ ആർച്ച് ബിഷപ്പ്, സീറോ മലബാർ സഭ

---

NB: ഈ ഇടയലേഖനം **2013 ജൂലൈ 3-ാം തിയ്യതി ബുധനാഴ്ച** നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# യുവജനദിനം 2013

## ജൂലൈ 7, ഞായർ

## കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ*

*(മത്താ. 28:19)*

**കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീ സഹോദരന്മാരേ,**

ഈ വർഷം ജൂലൈ 7-ന് കേരളസഭ യുവജനദിനമായി ആചരിക്കുകയാണ്. ജൂലൈ മാസത്തിൽത്തന്നെയാണ് (23-28) ബ്രസീലിലെ റിയോ ഡി ജനീറോയിൽ ഫ്രാൻസീസ് മാർപാപ്പായുടെ സാന്നിധ്യത്തിൽ ആഗോള യുവജനദിനവും ആഘോഷിക്കുന്നത്. ലോകയുവജനദിനങ്ങൾ യുവജനങ്ങൾക്കു കർത്താവായ യേശുവുമായുള്ള കണ്ടുമുട്ടലിന്റെയും പരസ്പരം വിശ്വാസം പങ്കുവച്ചു വളരുന്നതിന്റെയും സാഹോദര്യത്തിന്റെയും അദ്ഭുതകരമായ നിമിഷങ്ങളായിട്ടാണ് അനുഭവപ്പെടുന്നത്. വിശ്വാസത്തിൽ നിന്നുവരുന്ന പ്രതീക്ഷ ലോകത്തിലുണർത്താനും ക്രൈസ്തവജീവിതത്തിന് വലിയ സാക്ഷ്യമേകാനും യുവജനസമ്മേളനങ്ങൾ ഏറെ സഹായിക്കുന്നു. ലാളിത്യം മുഖമുദ്രയായിട്ടുള്ള ഫ്രാൻസീസ് മാർപാപ്പായുടെ സാന്നിധ്യവും വാക്കും ചെയ്തികളും യുവജനങ്ങൾക്ക് ഏറെ ആവേശം പകരും.

**ലോകയുവജനപ്രമേയം**

ഇക്കൊല്ലത്തെ ലോകയുവജനദിനത്തിന് 'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' (മത്താ. 28:19) എന്ന വിഷയമാണ് പോപ്പ് എമരിറ്റസ് ബെനഡിക്ട് പതിനാറാമൻ നിശ്ചയിച്ചിട്ടുള്ളത്. ഈ വിഷയം എല്ലാ കത്തോലിക്കാ യുവജനങ്ങളും ഹൃദയത്തിൽ ഗാഢമായി സൂക്ഷിക്കുകയും ധ്യാനിക്കുകയും വേണം. ശിഷ്യപ്പെടുത്തുകയെന്നാൽ മറ്റുള്ളവരെ ക്രിസ്തുവുമായും അവിടത്തെ സുവിശേഷവുമായും ഐക്യത്തിലാകാൻ സഹായിക്കുക എന്നതാണ്. സത്യത്തിൽ





ശിഷ്യനായിത്തീർന്ന ഒരാൾക്കേ മറ്റുള്ളവരെ ശിഷ്യരാക്കാൻ കഴിയൂ. ആർഷഭാരതസംസ്കാരത്തിൽ ഗുരുശിഷ്യബന്ധത്തിനും ഗുരുകുലവാസത്തിനും ഈ ഒരു അർത്ഥമാണുണ്ടായിരുന്നത്. അതിനാൽ, ക്രിസ്തുവിന്റെ പൂർണതയ്ക്കു ചേർന്ന പരിപൂർണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കാൻ വചനവായന, കൗദാശികജീവിതം, പ്രാർത്ഥന എന്നിവയിലൂടെ ക്രിസ്തു ശിഷ്യൻ ശ്രമിക്കണം. നീതിയും വിശുദ്ധിയും ഉള്ള ജീവിതം നയിക്കുകയും വേണം.

**യുവാവായ ക്രിസ്തുവും യുവത്വമുള്ള സഭയും**

യുവാവായ ക്രിസ്തുവാണ് ക്രൈസ്തവയുവാക്കൾക്ക് മാതൃകയും പ്രചോദനവും. മുപ്പതാം വയസ്സിൽ പരസ്യജീവിതമാരംഭിച്ച് സമൂഹത്തിലെ തിന്മകൾക്കും അനീതിക്കും ചൂഷണത്തിനുമെതിരേ നിലകൊണ്ട്, മുപ്പത്തിമൂന്നാമത്തെ വയസ്സിൽ മാനവരക്ഷയ്ക്കുവേണ്ടി ഈശോ ജീവൻ ബലിയർപ്പിച്ചു. മറ്റുള്ളവർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം വേറെയില്ലെന്ന വലിയ പാഠം അങ്ങനെ അവിടന്നു ലോകത്തിനു നല്കി. യുവാക്കളായ അവിടത്തെ ശിഷ്യന്മാരാണ് ലോകമെങ്ങും ധീരതയോടെ സുവിശേഷമെത്തിച്ചത്. രക്ഷകന്റെ വധുവായ സഭ എന്നും യൗവനയുക്തയാണ്. യുവാക്കളിലൂടെയാണ് ആ യുവത്വം അവൾ മുഖ്യമായും നിലനിറുത്തുന്നത്. എത്രയോ യുവാക്കളാണ് നൂറ്റാണ്ടുകളിലൂടെ ക്രിസ്തുവിനുവേണ്ടി തങ്ങളുടെ ജീവൻപോലും അർപ്പിക്കാൻ തയ്യാറായിട്ടുള്ളത്. ബാഹൂർ എന്ന ഹീബ്രുപദമാണ് യുവാവിനെ സൂചിപ്പിക്കാൻ ബൈബിൾ ഉപയോഗിക്കുന്നത്. അതിനു തിരഞ്ഞെടുക്കപ്പെട്ടവൻ എന്നും അർത്ഥമുണ്ട്. യുവത്വം തിരഞ്ഞെടുക്കപ്പെട്ട പ്രായമാണ്. നന്മയ്ക്കും നീതിക്കും വേണ്ടി നിലകൊള്ളാനാണത്. യുവജനം എന്നും നീതി ആഗ്രഹിക്കുന്നുണ്ട്. ഡൽഹിയിലെ സ്ത്രീപീഡനത്തിനെതിരെയും അഴിമതിക്കെതിരെയും തെരുവുകളിൽ പ്രതിഷേധവുമായി അതിവേഗം ത്യാഗത്തോടെ അണിനിരന്നവർ യുവജനങ്ങളാണെന്നത് നാമോർക്കണം. നിസംഗതരാകാതെ സമൂഹത്തിലെ തിന്മയ്ക്കെതിരെ സ്വരമുയർത്താൻ കത്തോലിക്കായുവാക്കൾ തയ്യാറാകുക ഇന്നിന്റെ ആവശ്യമാണ്.

**യുവജനങ്ങൾ പ്രേഷിതരാകണം**

സഭ സ്വഭാവത്താലേ പ്രേഷിതയാണ്. സർവജനതകളിലും സംസ്കാരങ്ങളിലും ക്രിസ്തുവിനെയും അവിടത്തെ പ്രബോധനത്തെയും എത്തിക്കാൻ അവൾക്കു ചുമതലയുണ്ട്. ദൈവം എല്ലാവരുടെയും സ്നേഹ

പിതാവാണെന്നും മനുഷ്യരെല്ലാം യേശുക്രിസ്തുവിൽ സഹോദരന്മാരാണെന്നുമുള്ള സത്യമാണ് പ്രഘോഷിക്കപ്പെടേണ്ടത്. ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട രക്ഷ അതിന്റെ പൂർണതയിൽ എല്ലാവരും സ്വീകരിക്കത്തക്കവിധം ലോകത്തെ ക്രൈസ്തവർ ഒരുക്കണം. ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാൻ കഴിയുന്നത് യുവജനങ്ങൾക്കാണ്. സംഗീതജ്ഞർ, സ്പോർട്സ് - ഫുട്ബോൾ താരങ്ങൾ, സിനിമാതാരങ്ങൾ എന്നിങ്ങനെ യുവജനങ്ങളെ അനായാസം സ്വാധീനിക്കുന്നവർ ധാരാളമാണല്ലോ. ക്രിസ്തനുഭവമുള്ള യുവജനങ്ങൾ ക്രിസ്തുവിനു സാക്ഷ്യംവഹിക്കാനും ക്രിസ്തുവിനെ പ്രസംഗിക്കാനും സധൈര്യം മുന്നോട്ടുവന്നാൽ യുവത അവരെ അനുഗമിക്കുക തന്നെ ചെയ്യും.

**സോഷ്യൽ നെറ്റുവർക്കുകൾ ഉപയോഗിക്കുക**

ഒരു ബഹുസ്വരസമൂഹത്തിലാണ് നാമിന്നു ജീവിക്കുന്നത്. സോഷ്യൽ നെറ്റുവർക്കുകളിലൂടെ, പ്രത്യേകിച്ച് ഫേസ്ബുക്ക്, ടിറ്റർ എന്നിവയിലൂടെ, എത്രമാത്രം ആശയങ്ങളും വിവരങ്ങളുമാണ് യുവജനങ്ങൾ ദിനംതോറും കൈമാറുന്നത്. ഇങ്ങനെ ആശയങ്ങൾ പരസ്പരം കൈമാറുന്നവരുടെയും കണ്ടുമുട്ടുന്നവരുടെയും ഹൃദയങ്ങളിലേക്ക് ഈശോയുടെ ശിഷ്യരാകാനുള്ള ആഗ്രഹം ക്രിസ്തുവിന്റെ യുവശിഷ്യൻ പകർന്നു നല്കണം. മറ്റുള്ളവർക്ക് കരുണയുടെയും സ്നേഹത്തിന്റെയും അടയാളമാകാനും ക്രിസ്തുവിന്റെ യുവശിഷ്യൻ ശ്രദ്ധിക്കണം. കർത്താവിന്റെ സ്നേഹം ഉൾക്കൊള്ളുകയും കൊടുക്കുകയുമാണ് അതിനു വേണ്ടത്. ക്ഷമയും കരുണയും സമാധാനവുമാണ് ലോകത്തിന് ഇന്ന് ഏറെ ആവശ്യം. യുവജനങ്ങൾക്ക് അർത്ഥപൂർണമായി ജീവിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുന്ന അക്രമം, യുദ്ധം, അഴിമതി, ഭീകരപ്രവർത്തനം എന്നിവയ്ക്കെതിരെ സമരം ചെയ്യണം. യുവജനങ്ങൾക്കു തങ്ങളുടെ എല്ലാ സമ്പന്നതയും സജീവതയും മനുഷ്യവർഗത്തിന്റെ സേവനത്തിനായി ഉപയോഗപ്പെടുത്താൻ കഴിയുന്ന അവസ്ഥയാണ് സൃഷ്ടിക്കപ്പെടേണ്ടത്.

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാവരെയും ശിഷ്യപ്പെടുത്തുവിൻ' എന്ന ക്രിസ്തുനാഥന്റെ കല്പന എല്ലാ കാലത്തേക്കുമുള്ളതാണ്. ഒരിക്കലും നമുക്കതിൽനിന്ന് ഒഴിഞ്ഞുമാറാൻ പറ്റില്ല. കർത്താവുമായുള്ള ബന്ധവും ഐക്യവും സൗഹൃദവുമാണ് നമ്മിലെല്ലാമുള്ള ഏറ്റവും മെച്ചപ്പെട്ടതിനെ പുറത്തു കൊണ്ടുവരുന്നത്. കർത്താവിന്റെ സുഹൃത്തായിരിക്കുന്നവൻ തന്റെ ജീവിതം കൊണ്ടും ലോകത്തിലായിരിക്കുന്ന





രീതി കൊണ്ടും അവിടത്തെ ശിഷ്യനായിരിക്കുന്നതിന്റെ സൗന്ദര്യവും പ്രകാശവും സന്തോഷവും മറ്റുള്ളവരിലേക്ക് കൈമാറുന്നു. ഇത് ഇന്നത്തെ ലോകത്തിൽ നിർവഹിക്കാനാണ് കർത്താവ് യുവജനങ്ങളോട് ആവശ്യപ്പെടുന്നത്. അതായത് അവിടത്തെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും അടയാളമായിരിക്കാൻ.

അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാനുള്ള ആഹ്വാനമാണ് യുവശിഷ്യൻ ആദ്യം നല്കേണ്ടത്. വ്യക്തികളുടെ ഹൃദയപരിവർത്തനമാണ് പ്രധാനപ്പെട്ട കാര്യം. എല്ലാ തിന്മകളും അശുദ്ധിയും വരുന്നത് ഹൃദയത്തിൽ നിന്നാണ് (മർക്കോ. 7:15). ക്രിസ്തു പ്രസംഗിച്ച ദൈവരാജ്യമൂല്യങ്ങൾ വ്യക്തികൾ ഹൃദയത്തിൽ ഉൾക്കൊണ്ടാൽ സമൂഹപരിവർത്തനം എളുപ്പമാകും. അതിന് യുവജനങ്ങൾ എവിടെയൊക്കെ ആയിരിക്കുന്നുവോ അവിടെയെല്ലാം - കുടുംബം, വിദ്യാലയം, സംഘടന, തൊഴിൽസ്ഥലം, രാഷ്ട്രീയരംഗം, വ്യവസായശാല, മാധ്യമരംഗം, സാമ്പത്തികവേദി എന്നിവിടങ്ങളിലെല്ലാം - ക്രിസ്തുവിന്റെ സന്ദേശം ഉയർത്തിപ്പിടിക്കണം. ക്രിസ്തുവിനു ചേർന്ന പ്രവൃത്തികളേ ഉണ്ടാകാവൂ. അതു മറ്റുള്ളവരെ ക്രിസ്തുവിന്റെ ശിഷ്യരാകാൻ പ്രചോദിപ്പിക്കും. ഇന്നു പ്രസംഗകരെക്കാൾ സാക്ഷികളെയാണ് വേണ്ടതെന്ന കാര്യം നാം മറക്കരുത് (പോൾ ആറാമൻ). കത്തോലിക്കാ യുവാക്കൾ ക്രിസ്തുവിനെപ്പോലെ ജീവിക്കാൻ പരിശ്രമിക്കണം. ക്രിസ്തുവിന്റെ കൃപാവരം സ്വീകരിച്ചുകൊണ്ട് അവിടത്തെ പ്രവൃത്തികൾ ചെയ്യണം. ജീവിതമാതൃകയിലൂടെ ക്രിസ്തുവിനെയും അവിടത്തെ പ്രബോധനങ്ങളെയും മറ്റുള്ളവരിലേക്ക് പകരുന്നതാണു പ്രധാനപ്പെട്ട കാര്യം. ഇത് ഒരു വെല്ലുവിളിയായി കത്തോലിക്കാ യുവജനപ്രവർത്തകർ ഏറ്റെടുക്കട്ടെ.

**കൗൺസിൽ യുവജനപ്രേഷിതത്വത്തെപ്പറ്റി**

വിശ്വാസവർഷത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ പുനർവായന സഭ തന്റെ തനയരോട് ആവശ്യപ്പെടുന്ന കാര്യമാണ്. കൗൺസിൽ യുവജനപ്രേഷിതത്വത്തെപ്പറ്റി പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ എടുത്തുകാട്ടുന്നത് എന്തുമാത്രം നാം ഇക്കാര്യങ്ങൾ നടപ്പാക്കി, നടപ്പാക്കുന്നുണ്ട് എന്ന് വിലയിരുത്താൻ സഹായിക്കും. പ്രേഷിതപ്രവർത്തനം നടത്താൻ കൗൺസിൽ യുവജനങ്ങളെ ആഹ്വാനം ചെയ്തു (അല്മായ പ്രേഷിതത്വം, 12). ക്രിസ്തുവിന്റെ രക്ഷാകരസന്ദേശവും കൃപയും മനുഷ്യർക്ക് സംപ്രാപ്യമാക്കലും ഭൗതികമ

ണ്ഡലത്തെ ക്രിസ്തുവിന്റെ സുവിശേഷമൂല്യങ്ങളാൽ പൂരിതമാക്കലും യുവജനങ്ങളുടെയും കൂടി കടമയാണ്. സഭാധികാരികളോട് സ്നേഹവും അനുസരണയും പ്രകടമാക്കിക്കൊണ്ട് സഭാകൂട്ടായ്മയിൽ വേണം യുവത ഇക്കാര്യങ്ങൾ നിർവഹിക്കുവാൻ. മാതൃകായോഗ്യമായ ജീവിതം നയിച്ചുകൊണ്ട് സഭാധികാരികൾ യുവജനങ്ങളുടെ പ്രവർത്തനത്തെ സർവാത്മനാ പ്രോത്സാഹിപ്പിക്കുകയും വേണം.

യുവജനങ്ങളുടെയിടയിൽ മുഖ്യമായും പ്രേഷിതപ്രവർത്തനം നടത്തേണ്ടത് യുവജനങ്ങൾ തന്നെയാണ്. ഇന്ന് യുവജനം അനേകം തിന്മകളിലേക്കു പ്രലോഭിതരാണ്. ഉപഭോഗസംസ്കാരം, മാധ്യമങ്ങളുടെ വിസ്ഫോടനം, വ്യക്തിഗതമനോഭാവം, ലൗകായതികത, സുഖലോലുപത എന്നിവയ്ക്ക് അടിപ്പെടുന്ന യുവാക്കൾ ഏറെയാണ്. അതു വരുത്തിവയ്ക്കുന്ന ദോഷങ്ങൾ ഭീതിദവുമാണ്. ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ യുവജനം മറ്റുള്ളവരെ ഈ തിന്മയിൽനിന്ന് വിമോചിപ്പിക്കാൻ കിണഞ്ഞു പരിശ്രമിക്കണം. യുവജനങ്ങളും മുതിർന്നവരും തമ്മിലുള്ള നല്ല ബന്ധം സ്ഥാപിക്കലും പ്രധാനപ്പെട്ട കാര്യമാണ്. സ്നേഹപൂർണമായ സംഭാഷണം അതിന് ആവശ്യമാണ്. തലമുറകൾ തമ്മിൽ അറിയാനും അനുഭവങ്ങളും നേട്ടങ്ങളും പങ്കുവയ്ക്കാനും ഇരുകൂട്ടരും കൂടെക്കൂടെ ഒന്നിച്ചു കൂടണം. സന്മാതൃക, സ്നേഹപൂർണമായ മാർഗനിർദ്ദേശങ്ങൾ, പ്രവർത്തനസ്വാതന്ത്ര്യം, സാമ്പത്തികസഹായം എന്നിവ മുതിർന്നവർ ചെറുപ്പക്കാർക്ക് ലഭ്യമാക്കണം. യുവജനങ്ങളാകട്ടെ, പ്രായമായവരെ ആദരിക്കുകയും അവരിൽ വിശ്വാസമർപ്പിക്കുകയും വേണം. ആദരണീയമായ പാരമ്പര്യങ്ങളെ പുതുമയുടെ പിറകേയുള്ള നെട്ടോട്ടത്തിൽ തട്ടിയെറിയാതെയുമിരിക്കണം.

**യുവജനപരിശീലനം**

യുവജനങ്ങൾക്കു പരിശീലനം നല്കണമെന്നത് കൗൺസിൽ ആവശ്യപ്പെടുന്ന ഗൗരവപൂർണമായ കാര്യമാണ്. പ്രേഷിതപ്രവർത്തനം വിജയപ്രദമായി നടത്തുന്നതിന് അതാവശ്യമാണ്. പരിശീലനം ലഭിക്കുകയെന്നത് യുവജനങ്ങളുടെ അവകാശവുമാണ്. മാതാപിതാക്കളും ആത്മപാലകരും വിദ്യാഭ്യാസപ്രവർത്തകരും വിദ്യാഭ്യാസസ്ഥാപനങ്ങളും സംഘടനകളും എല്ലാം യുവജനപരിശീലനത്തിന്, അവരിൽ കത്തോലിക്കാചൈതന്യവും പ്രേഷിതാഭിമുഖ്യവും വളർത്തുന്നതിന്, പ്രാമുഖ്യം നല്കണം. എന്നാൽ, മൂല്യശിക്ഷണോപാധികളുടെ മേൽപ്പറഞ്ഞ തല





ങ്ങളിൽ വന്നിട്ടുള്ള വലിയ ശോഷണം യുവജനങ്ങൾക്ക് വേണ്ട പരിശീലനം ഇല്ലാതാക്കിയിരിക്കുന്നു. അത് വലിയ ദുരന്തമാണ്. മാതൃകായോഗ്യവും പ്രേഷിതാത്മകവുമായ ജീവിതം വഴി വിദ്യാർത്ഥികൾ മനുഷ്യസമൂഹത്തിൽ രക്ഷാകരമായ പുളിമാവുപോലെ പ്രവർത്തിക്കാൻ പ്രാപ്തരാവുകയെന്നതാണ് കത്തോലിക്കാ വിദ്യാലയങ്ങൾ ലക്ഷ്യം വയ്ക്കേണ്ടത് (രണ്ടാം വത്തിക്കാൻ കൗൺസിൽ, വിദ്യാഭ്യാസം, 1). ഇക്കാര്യത്തിൽ നമ്മുടെ വിദ്യാലയങ്ങൾ എവിടെ നില്ക്കുന്നുവെന്ന് ഗൗരവപൂർവം വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. യുവജനങ്ങളുടെ വ്യക്തിപരമായ നവീകരണത്തിനും സമഗ്രമായ വളർച്ചയ്ക്കുമൊപ്പം സംഘാതവും സാമൂഹികവുമായ പുരോഗതിയും ലക്ഷ്യംവയ്ക്കുന്ന വിദ്യാഭ്യാസമാണ് ആവശ്യം. അതായത്, യുവജനങ്ങളുടെ സാമൂഹികപ്രതിജ്ഞാബദ്ധത വളർത്തുന്ന വിദ്യാഭ്യാസം.

**യുവജനങ്ങൾ ഒന്നിച്ചു കൈകോർക്കുക**

യുവജനങ്ങൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിനുള്ള അവസരം നമ്മുടെ എല്ലാ ഇടവകകളിലും രൂപതകളിലും സംസ്ഥാനത്തിലും ഉണ്ടാകണം. കേരളസഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം കെ.സി.വൈ.എം. ആണ്. യുവജനങ്ങളുടെ സമഗ്രവളർച്ചയും സമൂഹത്തിന്റെ സമ്പൂർണ പുരോഗതിയും ലക്ഷ്യംവച്ച് പ്രസ്ഥാനം പ്രവർത്തിക്കുന്നു. അനേകം യുവനേതാക്കളെ ശരിയായ പരിശീലനത്തിലൂടെ വാർത്തെടുക്കാനും അനീതിക്കും സാമൂഹികതിന്മകൾക്കും മനുഷ്യാവകാശധ്വംസനത്തിനുമെതിരേ ശക്തമായ യുവജനയാത്രകൾ സംഘടിപ്പിക്കാനും മാനവമൈത്രി സംഘടനകൾ സംഘടിപ്പിക്കാനും സ്ത്രീശക്തീകരണമുന്നേറ്റങ്ങൾ നടത്താനും യുവജനോത്സവങ്ങൾ സംഘടിപ്പിക്കാനും മത്സത്തൊഴിലാളി - കർഷകപ്രശ്നങ്ങളിൽ ഇടപെടാനും കെ.സി.വൈ.എം.-ന് കഴിഞ്ഞിട്ടുണ്ട്. കെ.സി.വൈ.എം.-നോട് സഹകരിച്ച് നമ്മുടെ എല്ലാ യുവജനങ്ങളും പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇടവകസമൂഹം മുഴുവൻ യുവജനപ്രേഷിതത്വത്തെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും വേണം. സഭയുടെയും സമൂഹത്തിന്റെയും ചൈതന്യവും പ്രതീക്ഷയും ഭാവിയും യുവജനങ്ങൾ ആയതുകൊണ്ടാണ് ഇതു ചെയ്യേണ്ടത്. ഭാവന, കർമ്മശേഷി, ആദർശബോധം, യുക്തി എല്ലാം തീവ്രമായിരിക്കുന്ന ഈ പ്രായത്തിൽ അവയെല്ലാം നന്നായി ഉപയോഗിക്കാൻ അവർ സഹായിക്കപ്പെടണം. അവരുടെ സ്വപ്നങ്ങളാണ് നാളത്തെ ലോകത്തെ രൂപപ്പെടുത്തുന്നത്. ശരിയായ രീതിയിൽ

എല്ലാം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ വിശ്വാസവർഷം പ്രേരകമാകണം. യുവജനപ്രസ്ഥാനം ഇല്ലാത്തിടത്ത് അതു തുടങ്ങണം. സജീവമല്ലാത്തിടത്ത് ഊർജ്ജിതപ്പെടുത്തണം. എല്ലാ സംഘടനകളിലും - സി.എൽ.സി, ജീസസ് യൂത്ത്, മിഷൻലീഗ്... - പ്രവർത്തിക്കുന്ന യുവജനങ്ങൾ ഒന്നിച്ചുവന്ന് പൊതുനന്മയ്ക്കായി കൈകോർക്കുകയും വേണം.

യുവജനദിനം സമുചിതമായി എല്ലാ ഇടവകകളിലും ആഘോഷിക്കേണ്ടതാണ്. യുവജനങ്ങൾക്കുവേണ്ടി വിശുദ്ധ കുർബാന, യുവജനങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ച് സെമിനാർ, കലാപരിപാടികൾ, റാലി എന്നിവയോടെ അത് ആഘോഷിക്കാം. യുവജനദിനത്തിൽ വിശുദ്ധ കുർബാനമധ്യേ പിരിവ് നടത്തേണ്ടതും അത് രൂപതാ-സംസ്ഥാനതലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതുമാണ്. കെ.സി.വൈ.എം. ഇക്കൊല്ലം ഊന്നൽ കൊടുത്തു പ്രവർത്തിക്കുന്ന മനുഷ്യോചിതമായ പരിസ്ഥിതി, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, അഴിമതിക്കെതിരേ എന്നീ വിഷയങ്ങൾ ഇടവകകളിൽ ചർച്ചയ്ക്കെടുക്കണം. അവ നടപ്പാക്കുന്നതിനുവേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

സത്യം, നീതി, സ്നേഹം, സമാധാനം, സ്വാതന്ത്ര്യം എന്നിവയുടെയൊക്കെ പര്യായമായ ഈശോയെ യുവജനങ്ങൾ തങ്ങളുടെ നേതാവും സഹചാരിയും നാഥനും ഗുരുവുമായി വ്യക്തിപരമായി സ്വീകരിച്ചാൽ അത് അവർക്ക് ആത്മസാക്ഷാത്കാരത്തിനും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനും ഇടയാക്കും. വിശ്വാസവർഷത്തിന്റെ ലക്ഷ്യങ്ങളിൽ പരമപ്രധാനമായ ഇത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി തുടർന്നുള്ള മാസങ്ങളിൽ നമുക്ക് ഉണർവോടെ പ്രവർത്തിക്കാം. എല്ലാ നന്മയും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

---

**N.B. 2013 ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച** ഈ സർക്കുലറിലെ പ്രധാനപ്പെട്ട ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

**+ മാർ ജേക്കബ് മനത്തോടത്ത്**





2013



# BISHOP'S Engagements

**2013 JULY**

| | | |
|---|---|---|
| 12 | AM | Yuvakshetra |
| 13 | | KCSL, CLC, CML Meeting, Pastoral Centre |
| 14 | | Pastoral Visit, St. Jude Church, Malamuzha |
| 17 | PM | Paalana Hospital, Kannadi |
| 20 | AM | Meeting, Pastoral Centre |
| | | CRI Meeting, Mercy College |
| 21 | | Pastoral Visit, St. Francis Church, Kadambur |
| 25 | | Monthly Recollection, Bishop's House |
| 28 | | Pastoral Visit, St. Sebastian Church, Irumbukachola |
| 30-31 | | Mount St. Thomas, Kakkanad |
| 31 | PM | St. Mary's Minor Seminary, Kallepully |

**2013 August**

| | | |
|---|---|---|
| 5-9 | | Bishops' Retreat, Mount St. Thomas, Kakkanad |
| 10 | | Kaikkars Meeting |




**സീറോ - മലബാർ സഭാദിനം**

ദുക്റാന തിരുനാളായ ജൂലൈ 3-ാം തിയ്യതി സീറോമലബാർ ദിനമായി നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായി ആചരിക്കേണ്ടതാണ്. അന്ന് ഇടവകകളിൽ സഭാകാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേക പിരിവെടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏല്പ്പിക്കേണ്ടതാണ്.

**യുവജനദിനം**

ജൂലൈ 7-ാം തിയ്യതി ഞായറാഴ്ച യുവജനദിനമായി ആഘോഷിക്കേണ്ടതാണ്. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കായി അന്നേദിവസം നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അന്ന് പ്രത്യേകം സ്തോത്ര കാഴ്ചയെടുത്ത് രൂപതാ ഡയറക്ടറെ ഏല്പ്പിക്കേണ്ടതാണ്.

**വൈദികരുടെ മാസധ്യാനം**

ജൂലൈമാസത്തിലെ വൈദികരുടെ മാസധ്യാനം ജൂലൈ 25, വ്യാഴാഴ്ച രൂപതാകാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നു.

**വാർഷികധ്യാനം**

ബഹു. വൈദികരുടെ വാർഷികധ്യാനം യുവക്ഷേത്രയിൽവെച്ച് സെപ്റ്റംബർ 9-14 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് ബഹു. ജോൺ പുതുക്കുളം അച്ചനായിരിക്കും.

**വൈദിക തുടർപരിശീലനപരിപാടി**

നവംബർ 26 ഉച്ചമുതൽ 28 ഉച്ചവരെ വൈദികർക്കുവേണ്ടിയുള്ള തുടർപരിശീലനപരിപാടി മുണ്ടൂർ യുവക്ഷേത്രയിൽവെച്ച് നടത്തുന്നു. എല്ലാ വൈദീകരും അതിൽ സംബന്ധിക്കേണ്ടതാണ്.

**ദുരിതാശ്വാസ സഹായം**

നമ്മുടെ നാട്ടിലും ഉത്തരാഖണ്ഡിലും കാലവർഷകെടുതിമൂലം ജീവനും സ്വത്തും നഷ്ടപ്പെട്ടവരുടെ വിവരങ്ങൾ അനുദിനം നമ്മൾ മാധ്യമങ്ങളിലൂടെ അറിയുന്നുണ്ടല്ലോ. സ്വന്തപ്പെട്ടവർ നഷ്ടപ്പെട്ടതുമൂലം വേദനിക്കുന്നവരും, രക്ഷാപ്രവർത്തനത്തിലൂടെ ജീവൻ വീണ്ടുകിട്ടിയെങ്കിലും, ജീവിക്കാൻ മറ്റു സാധ്യതകൾ ഒന്നുമില്ലാത്തതിനാൽ അഭയാർത്ഥിക്യാമ്പുകളിൽ കഷ്ടപ്പെട്ടുകഴിയുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം. അവരോടുള്ള നമ്മുടെ ഐക്യദാർഢ്യത്തിന്റെ അടയാളമായി നിങ്ങൾ പ്രാർത്ഥനാപൂർവ്വം നൽകുന്ന സംഭാവന സഭാകേന്ദ്രംവഴി ബന്ധപ്പെട്ട സ്ഥലത്തേക്ക്





അയച്ചുകൊടുക്കുന്നതാണെന്ന് സഭാകേന്ദ്രത്തിൽനിന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യം അടുത്ത ഞായറാഴ്ച പള്ളിയിൽ അറിയിച്ച്, ലഭിക്കുന്ന തുക ജൂലൈ 31ന് മുൻപ് രൂപതാകാര്യാലയത്തിൽ എത്തിക്കാൻ അഭ്യർത്ഥിക്കുന്നു.

**പ്രത്യേകശ്രദ്ധയ്ക്ക്**

പള്ളികളുടേയും സ്ഥാപനങ്ങളുടേയും വസ്തുക്കളുടെ ആധാരങ്ങൾ (ഒറിജിനൽ കോപ്പി) രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കാത്തവരും ആധാരങ്ങൾ ഇവിടെനിന്ന് കൊണ്ടുപോയിട്ടുള്ളവരും ജൂലൈ 25ന് മുൻപ് അവ ഏൽപ്പിക്കേണ്ടതാണ്.

## APPOINTMENT OF PRIESTS

1. **Rev. Fr. Kizhakkedath Thom** : Director, Sanjo Priests' Home, Kannadi (w.e.f. 08.06.2013)
2. **Rev. Fr. Naduvathaniyil Shaiju**: Member, Sehion Retreat Team, Thavalam (w.e.f. 15.06.2013)
3. **Rev. Fr. Keetikkal Anto:** Joint Director, KCYM, Palakkad (w.e.f. 15.06.2013)

## അഭിനന്ദനങ്ങൾ



ഭാരതീയാർ യൂണിവേഴ്സിറ്റിയിൽനിന്നും "CMC to Women Education - A Historical Study with Special Reference to Palakkad " എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ പാലക്കാട് ജയ് ക്രിസ്തോ പ്രൊവിൻസ് അംഗമായ **ബഹു. സി. ജീവ CMC** ക്ക് അഭിനന്ദനങ്ങൾ

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ

| | | |
|---|---|---|
| 1. | അലനല്ലൂർ | ശ്രീ. ജോയ് കളപ്പുരയ്ക്കൽ |
| | | ശ്രീ. ജോസഫ് തണ്ടയിൽ |
| 2. | ചിറ്റടി (മരിയനഗർ) | ശ്രീ. റപ്പായി ആലപ്പാട്ട് |
| | | ശ്രീ. തോമസ് പതിയാൻ |

| | | |
|---|---|---|
| 3. | ചിറ്റിലഞ്ചേരി | ശ്രീ. തോമസ് കുറ്റിക്കാട്ട് |
| | | ശ്രീ. ലൂക്കോസ് കാപ്പിൽ |
| 4. | ചിറ്റൂർ (അട്ടപ്പാടി) | ശ്രീ. ബെന്നി വയലൂങ്കൽ |
| | | ശ്രീ. അലോഷി മൂഴിയിൽ |
| 5. | ധോണി | ശ്രീ. ജോർജ്ജ് മുണ്ടഞ്ചേരി |
| | | ശ്രീ. സാബു പുലിക്കോട്ടിൽ |
| 6. | ഇരുമ്പകച്ചോല | ശ്രീ. ബിനോയ് നരകത്താമാക്കൽ |
| | | ശ്രീ. തോമസ് വല്ല്യാത്ത് |
| 7. | കടപ്പാറ | ശ്രീ. ജോസ്കുട്ടി കൈതക്കൽ |
| | | ശ്രീ. ജോണി പരിയംകുളത്തിൽ |
| 8. | കല്ല (സ്നേഹഗിരി) | ശ്രീ. തോമസ് ഇല്ലിക്കൽ |
| | | ശ്രീ. അഗസ്റ്റ്യൻ മാവേലിക്കുന്നേൽ |
| 9. | കല്ലടിക്കോട് | ശ്രീ. ഷാജി മാത്യു വടക്കേടത്ത് |
| | | ശ്രീ. ജോബി തെക്കേൽ |
| 10. | കല്ലേക്കാട് | ശ്രീ. ജോസഫ് മാളിയേക്കൽ |
| | | ശ്രീ. തോമസ് മണലിൽ |
| 11. | കണ്ണമ്പ്ര | ശ്രീ. ആന്റണി ചെറിയമുക്കട |
| | | ശ്രീ. രാജൻ മഞ്ഞളി |
| 12. | കാരറ | ശ്രീ. ജെയ്മോൻ പറയാനിയിൽ |
| | | ശ്രീ. മാത്യു കടമ്പനാട്ട് |
| 13. | കരിമ്പ | ശ്രീ. രാജു മംഗലി |
| | | ശ്രീ. തോമസ് കുഴിഞ്ഞാലിൽ |
| 14. | കേരളശ്ശേരി | ശ്രീ. ജോണി വള്ളിയാനിപ്പുറം |
| | | ശ്രീ. മനോജ് ഉള്ളാട്ടിൽ |
| 15. | കൊടുന്തിരപ്പിള്ളി | ശ്രീ. രാജു കളപ്പുരയ്ക്കൽ |
| | | ശ്രീ. മാർട്ടിൻ കുറങ്ങാടൻ |
| 16. | കൊഴിഞ്ഞാമ്പാറ | ശ്രീ. കുര്യൻ കൊട്ടാരത്തിൽ |
| | | ശ്രീ. മാത്യു ഉറുമ്പിൽ |





| | | |
|---|---|---|
| 17. | മലമ്പുഴ | ശ്രീ. ജോയ് പട്ടശ്ശേരി |
| | | ശ്രീ. സോമി പൊന്നത്ത് |
| 18. | മേലാർക്കോട് | ശ്രീ. പി.പി. ആന്റു പൊറത്തൂർ |
| | | ശ്രീ. കെ.ഡി. തോമസ് കൊച്ചുപറമ്പിൽ |
| 19. | നീതിപുരം | ശ്രീ. ബെന്നി വലിയമുറത്താങ്കൽ |
| | | ശ്രീ. സിബി മറ്റപ്പിള്ളി |
| 20. | നിരവ് | ശ്രീ. ജെയിംസ് അറയ്ക്കൽ |
| | | ശ്രീ. ബിജു പുതിയേടത്ത്പറമ്പിൽ |
| 21. | ഒറ്റപ്പാലം | ശ്രീ. മാത്യു കണ്ടംപ്പറമ്പിൽ |
| | | ശ്രീ. ചാക്കോ ചക്കാലത്തറ |
| 22. | പാലക്കുഴി | ശ്രീ. ജോർജ്ജ് വടക്കേൽ |
| | | ശ്രീ. സെബാസ്റ്റ്യൻ പൂവത്താനിക്കുന്നിൽ |
| 23. | പാലപ്പുറം | ശ്രീ. ഷാജൻ വടക്കേൽ |
| | | ശ്രീ. ആന്റണി ഹിലരി |
| 24. | പൊന്നംങ്കോട് | ശ്രീ. മാത്യു പഴുക്കാത്തറ |
| | | ശ്രീ. ജോസ് മാളിയേക്കൽ |
| 25. | പുലാപ്പറ്റ | ശ്രീ. ബേബി ചാരംകുളങ്ങര |
| | | ശ്രീ. സോളി മേലേത്തറ |
| 26. | ശാന്തിതടം | ശ്രീ. ബൈജു തൊട്ടിയിൽ |
| | | ശ്രീ. ജോയ് പാലക്കാട്ടിൽ |
| 27. | ഷോർണ്ണൂർ | ശ്രീ. സുരേഷ് വണ്ടമ്പ്രയിൽ |
| | | ശ്രീ. ജെയ്സൻ കുത്തൂരാൻ |
| 28. | തിരുവിഴാംകുന്ന് | ശ്രീ. ഫ്രാൻസിസ് കൊച്ചുപറമ്പിൽ |
| | | ശ്രീ. തങ്കച്ചൻ പര്യാത്ത് |
| 29. | വാളയാർ | ശ്രീ. ജോയ് ലീനാസദനം |
| | | ശ്രീ. ജോയ് കിഴക്കേടത്ത് |
| 30. | യാക്കര | ശ്രീ. ബെന്നി പടമാടൻ |
| | | ശ്രീ. സന്തോഷ് |

# രൂപതാ പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

2013 ജൂൺ 6 ന് 11 മണിക്ക് രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം പാസ്റ്ററൽ സെന്ററിൽ ചേർന്നു. റവ സിസ്റ്റർ ആലീസ് സി.എം.സി യുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രാർത്ഥനായോടെ യോഗം ആരംഭിച്ചു. യോഗത്തിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ആദ്ധ്യക്ഷം വഹിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റില പ്പിള്ളിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഫാ. അബ്രാഹം പാലത്തിങ്കൽ കഴിഞ്ഞ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിന്റെ റിപ്പോർട്ട് സംക്ഷിപ്തമായി അവതരിപ്പിച്ചു. 1. വിശ്വാസവർഷാചരണ സമാപനാഘോഷങ്ങൾ; 2. ക്രൈസ്തവവിശ്വാസ സാക്ഷ്യവും വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളോടുള്ള ആസക്തി ഉയർത്തുന്ന വെല്ലുവിളികളും എന്നിവയായിരുന്നു ഈ കൗൺസിലിന്റെ പ്രധാന ചർച്ചാവിഷയങ്ങൾ.

വിശ്വാസവർഷാചരണത്തിന്റെ സുവ്യക്തമായ ഫലങ്ങളെയും വിശ്വാസ വർഷാചരണം ഫലപ്രദമാക്കിതീർക്കാൻ പാസ്റ്ററൽ കൗൺസിൽ നല്കിയ പ്രായോഗിക നിർദ്ദേശങ്ങളെയും ശ്ലാഹിച്ചുകൊണ്ടാണ് അഭിവന്ദ്യപിതാവ് തന്റെ അദ്ധ്യക്ഷ പ്രസംഗം ആരംഭിച്ചത്. വിശ്വാസവർഷാചരണത്തിന്റെ നല്ല ഫലങ്ങൾ തുടർന്നുകൊണ്ടുപോകുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യപിതാവ് ഊന്നി പറഞ്ഞു. വിശ്വാസവർഷാചരണം 2013 ലെ ക്രിസ്തുരാജാതിരുന്നാളിന് ആഘോഷമായി സമാപിപ്പിക്കുന്നതിനേക്കാൾ രൂപതയുടെ റൂബി ജൂബിലി വർഷം മുഴുവൻ കൂടുതൽ ഊർജ്ജസ്വലതയോടെ കൊണ്ടാടുന്നത് അഭികാമ്യവും കൂടുതൽഫലപ്രദവുമാവുമെന്ന് പിതാവ് അഭിപ്രായപ്പെട്ടു.

തുടർന്ന് വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളോടുള്ള ആസക്തിയെക്കുറിച്ച് പിതാവ് ശക്തമായി സംസാരിച്ചു. ലഹരി വസ്തുക്കളോടുള്ള ആസക്തി വിശ്വാസസാക്ഷ്യത്തിനെന്നല്ല മാനവികതയ്ക്കെതിരെതന്നെയുള്ള വെല്ലുവിളിയാണെന്നും മദ്യപാനം സകല തിന്മകളുടെയും 'പെറ്റമ്മയും പോറ്റമ്മയുമാണെന്നും' മഹാത്മഗാന്ധിജിയെ ഉദ്ധരിച്ചുകൊണ്ട് പിതാവ് അംഗങ്ങളെ അനുസ്മരിപ്പിച്ചു. മദ്യസംസ്ക്കാരം ഫണം വിരിച്ചാടുമ്പോൾ ഇതിനെതിരെ ശക്തമായും വ്യവസ്ഥാപിതമായും പ്രതികരിക്കുകയും ലഹരിരഹിത സംസ്കാരത്തിൽ രൂപതയെതന്നെ വാർത്തെടുക്കുവാൻ ഏവരും ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യണമെന്ന് പിതാവ് അംഗങ്ങളെ ആഹ്വാനം ചെയ്തു.

തുടർന്ന് രൂപതാ ടെമ്പറൻസ് മൂവ്മെന്റ് ഡയറക്ടർ റവ. ഫാ. ജിജോ പാറയിൽ *ലഹരിവസ്തുക്കളോടുള്ള വർദ്ധിച്ചുവരുന്ന ആസക്തിയും പരിണിതഫലങ്ങളും പ്രതിവിധിയും* എന്ന വിഷയത്തെ അധികരിച്ചു ക്ലാസെടുത്തു. ലഹരി വസ്തുക്കളോടുള്ള ആസക്തി വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും ചെലുത്തുന്ന സ്വാധീനവും തത്ഫലമായി വ്യക്തി





-കുടുംബ-സമൂഹ ബന്ധങ്ങളിലുണ്ടാകുന്ന പതനങ്ങളുടെയും തിന്മകളുടെയും ആഴവും പരപ്പും ശാസ്ത്രീയമായി കണക്കുകളുടെ പിൻബലത്തോടെ അവതരിപ്പിച്ചു. മദ്യപാനാസക്തിയെ വ്യക്തിപരമായും സാമൂഹികപരമായും ബാധിക്കുന്ന മാരക രോഗമായി കാണാനും അതിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കി മാനവരാശിയെ അതിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും വിമുക്തമാക്കാനുള്ള യജ്ഞത്തിൽ പങ്കാളികളാകാനും അതിനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യാനും പ്രചോദനം നല്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്.

ജിജോ പാറയിലച്ചന്റെ ക്ലാസിനുശേഷം 11 ഫൊറോനകളിലെയും സെക്രട്ടറിമാർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഫൊറോനാതലങ്ങളിൽ നടന്ന ചർച്ചകളുടെ ഫലമായി രൂപം കൊണ്ട് ആശയങ്ങളും നിർദ്ദേശങ്ങളും താഴെ പ്രതിപാദിക്കുന്നു;

**1.a)** വിശ്വാസവർഷാചരണത്തെ ക്രിയാത്മകമായി വിലയിരുത്തി നല്കിയ പ്രായോഗിക നിർദ്ദേശങ്ങൾ.

*എല്ലാ ഫൊറോന റിപ്പോർട്ടുകളും വിശ്വാസവർഷാചരണ കർമ്മ പരിപാടികൾ പൊതുവെ ഫലപ്രദവും വിശ്വാസത്തിൽ ആഴപ്പെടാൻ സഹായിക്കുന്നതുമായിരുന്നുവെന്നു വിലയിരുത്തി.

*സഭയുടെ പഠനങ്ങളെക്കുറിച്ചും വിശ്വാസ പ്രമാണം ഉൾക്കൊള്ളുന്ന രഹസ്യങ്ങളെക്കുറിച്ചും കൂടുതൽ അവബോധം ജനങ്ങളിൽ ഉളവായി.

*വിശ്വാസപ്രമാണം ചൊല്ലുന്ന പതിവും പ്രാർത്ഥനയുടെ ശക്തിയെകുറിച്ചുള്ള ബോധ്യവും വർദ്ധിച്ചു.

*കുർബാനയിലും ആരാധനാക്രമാനുഷ്ഠാനങ്ങളിലും സജീവഭാഗഭാഗിത്വം കൂടുകയും ആഴപ്പെടുകയും ചെയ്തു.

*യുവതീയുവാക്കളിലും കുട്ടികളിലും വിശ്വാസജീവിതത്തോട് കൂടുതൽ ആഭിമുഖ്യമുളവായി.

*വിശ്വാസവർഷാചരണത്തിന്റെ ഫലം കൂടുതൽ വ്യാപകവും നിലനിൽക്കുന്നതുമാകാൻ ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ ഇനിയും സെമിനാറുകളും പഠനശിബിരങ്ങളും സംഘടിപ്പിക്കണമെന്നഭിപ്രായമുണ്ടായി. കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുക, റാലികൾ സംഘടിപ്പിക്കുക.

**1.b)** വിശ്വാസവർഷസമാപനാഘോഷം; ഇടവക ഫൊറോന രൂപതാ തലങ്ങളിൽ ആഘോഷമായി കൊണ്ടാടേണ്ടിയിരിക്കുന്നു എന്ന ആശയമാണ് പൊതുവേ രേഖപ്പെടുത്തപ്പെട്ടത്.

*ഇടവകതലങ്ങളിൽ സെമിനാറുകൾ, ധ്യാനങ്ങൾ എന്നിവ സംഘടിപ്പിക്കുക

*നഷ്ടപ്പെട്ടുപോയവരെ തേടിപോകുന്ന ടീമുകൾ ഇടവകകളിൽ രൂപീകരിക്കുക,

* കുടുംബസമ്മേളനങ്ങൾ ഊർജിതമാക്കുക,
* വിശ്വാസപരിശീലനം ഊർജിതമാക്കുക,
* മേഖലാതലങ്ങളിലെങ്കിലും കൺവെൻഷനുകൾ സംഘടിപ്പിക്കുക
* വിശ്വാസപ്രഖ്യാപന റാലികൾ സംഘടിപ്പിക്കുക
* വിശ്വാസപ്രഘോഷണത്തിനായി മീഡിയാ സെന്റർ തന്നെ ആരംഭിക്കുക.

രൂപതാ റൂബി ജൂബിലിയുടെ ആഘോഷങ്ങൾ സെപ്റ്റംബർ 8, 2013 ന് ആരംഭിക്കുന്ന പശ്ചാത്തലത്തിൽ വിശ്വാസവർഷാചരണ പരിപാടികൾ 2014 സെപ്റ്റംബർ 8 വരെ കൊണ്ടാടാൻ തീരുമാനമായി. റൂബി ജൂബിലി യുടെ പശ്ചാത്തലത്തിൽ രൂപതാ തലത്തിൽ നടത്തപ്പെടാൻ പോകുന്ന രൂപതാ സിനഡിനെക്കുറിച്ചും അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. വിശ്വാസ വർഷാചരണ സമാപനവും രൂപതയുടെ റൂബിജൂബിലി ആഘോഷസമാപ നവും സംയുക്തമായി 2014 സെപ്റ്റംബർ മാസത്തിൽ നടത്തുവാൻ തീരു മാനമായി. അടുത്ത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ ഈ വിഷയം വിശ ദമായി ചർച്ച ചെയ്യപ്പെടുന്നതുമാണ്.

**2) ക്രൈസ്തവവിശ്വാസസാക്ഷ്യവും ലഹരിവസ്തുക്കളോടുള്ള വർദ്ധി ച്ചുവരുന്ന ആസക്തി ഉയർത്തുന്ന വെല്ലുവിളികളുമായിരുന്നു 2-ാമത്തെ പ്രധാന ചർച്ചാവിഷയം.**

എല്ലാ ഫൊറോനകളിലും ഗൗരവമായ ചർച്ച നടന്ന എന്നത് റിപ്പോർട്ടുക ളിൽ നിന്നും വ്യക്തമാണ്. വർദ്ധിച്ചുവരുന്ന മദ്യാസാക്തി വ്യക്തി കുടുംബ,സ മൂഹബന്ധങ്ങളിൽ ചെലുത്തുന്ന വിപത്തുകളെക്കുറിച്ച് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഗൗരവമായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അതി നെതിരെ ശക്തമായി പ്രതികരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടികാണി ക്കുകയും ചെയ്തു.

**2.a)** മദ്യാസക്തി വർദ്ധിക്കുവാനുള്ള കാരണങ്ങൾ

*മദ്യപാനം തിന്മയാണെന്നും വിപത്താണെന്നുമുള്ള ബോധത്തേക്കാളുപരി സമൂഹത്തിൽ മദ്യപാനത്തിന് മാന്യത കല്പിക്കപ്പെടുന്നു.

* മാമ്മോദീസ, കുർബാനസ്വീകരണം, വിവാഹം, മനസ്സമ്മതം, മരണം, ഓർമ്മദിനാഘോഷങ്ങൾ, ജൂബിലി ആഘോഷങ്ങൾ എന്നീ അവസരങ്ങളി ലെല്ലാം മദ്യം വിളമ്പുന്നത് പതിവായിവരുന്നു.

* ഗവൺമെന്റു റവന്യു വരുമാനത്തിന്റെ പേരിൽ മദ്യ വ്യാപാരത്തെ പ്രോത്സാ ഹിപ്പിക്കുന്നു.

* മദ്യത്തിന്റെ ലഭ്യത ഓരോ ദിവസവും കൂടിവരുന്നു. സൂപ്പർമാർക്കറ്റുക ളിലും മദ്യം ആർക്കും ലഭ്യമാകുകയും ഭക്ഷ്യസാധനങ്ങൾ പോലെ വാങ്ങുന്ന ഒന്നായി മാറുകയും ചെയ്തിരിക്കുന്നു.

* ദുഃഖങ്ങളും പരാജയങ്ങളുമുണ്ടാകുമ്പോൾ അതിന് ആശ്വാസമെന്നവണ്ണം മദ്യം പ്രചരിപ്പിക്കപ്പെടുന്നു.

* ആധുനിക പരസ്യങ്ങളും, ജീവിതശൈലികളും, മീഡിയകളും മദ്യ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്നു. റിപ്പോർട്ടുകളിലെ കണക്കുകൾ ഏകീകരിക്കുമ്പോൾ ഏകദേശം 80% ത്തിലധികം പേർ (പുരുഷന്മാർ) വല്ല പ്പോഴുമെങ്കിലും മദ്യം കഴിക്കുന്നവരും അതിൽ 20% പേർ നിത്യം ഉപയോ ഗിക്കുന്നവരുമാണെന്നാണ് കണക്കാക്കപ്പെടുന്നത്. യുവതീയുവാക്കളിൽ ആസക്തി വളർന്ന് വരുന്നതായും രേഖപ്പെടുത്തി.

* 90% കുറ്റകൃത്യങ്ങൾക്ക് അടിസ്ഥാനപ്രേരകമായി ലഹരി വസ്തുക്കളുടെ ഉപയോഗം വർത്തിക്കുന്നു. വ്യക്തിപരമായും കുടുംബപരമായ ബന്ധങ്ങൾ തകരുന്നത് മക്കളുടെ വ്യക്തിത്വത്തെ സാരമായി ബാധിക്കുന്നു.





* അപകർഷതാബോധം, ഒറ്റപ്പെടൽ, നിരാശ,സാമ്പത്തിക തകർച്ച എന്നിവ ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ പരിണിതഫലമാണ്.

* സ്വയം രക്ഷിക്കാൻ പറ്റാത്ത തരത്തിൽ ബന്ധിക്കപ്പെടുന്നു.

* കുടുംബത്തിലെ പ്രാർത്ഥനാ ചൈതന്യവും, വിശ്വാസതീഷ്ണതയും കുറഞ്ഞു വരുന്നു.

ചുരുക്കത്തിൽ ദൈവ-മനുഷ്യ, മനുഷ്യ-മനുഷ്യ, കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുകയും ധാർമ്മിക മൂല്യങ്ങളിൽ നിന്നും വ്യതിതലിക്കാനും സ്വയം തകരുന്നതോടൊപ്പം കുടുംബത്തെയും തകർക്കാനും കാരണമാ ക്കുന്ന തീന്മയുടെ ശ്രോതസ്സായി ലഹരിവസ്തുക്കളോടുള്ള ആസക്തി പ്രവർത്തിക്കുന്നു. ദാരിദ്ര്യവും, ധാർമ്മികാധപതനവും, ശാരീരിക-മാനസിക രോഗങ്ങളും ലഹരിവസ്തുക്കളുടെ ഉപയോഗം മൂലം സംഭവിക്കുന്നു.

മദ്യ-ലഹരി സംസ്കാരത്തിനെതിരെ ജാഗ്രതയോടെ പ്രവർത്തിക്കുവാൻ താഴെപറയുന്ന പ്രായോഗിക നിർദ്ദേശങ്ങൾ കൗൺസിൽ മുന്നോട്ടു വച്ചു.

**2.b)** മദ്യവർജ്ജനവും മദ്യനിരോധനവും ഒരു നാണയത്തിന്റെ ഇരുപുറ ങ്ങളാകയാൽ മദ്യവർജ്ജനത്തിനുള്ള ബോധവല്ക്കരണത്തോടൊപ്പം ലഹ രിവസ്തുക്കളുടെ ലഭ്യത കുറയ്ക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്ക ണം. സഭ ഇക്കാര്യത്തിൽ ഉറച്ച നേതൃത്വം നൽകണം. ബോധവൽക്കരണം, സംഘടനാ പ്രവർത്തനങ്ങളിലൂടെയുള്ള പ്രതിസംസ്ക്കാര രൂപീകരണം അടി മകളായവരെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ, സഭയുടെ സംവിധാനങ്ങ ളിലും അധികാരസ്ഥാനങ്ങളിലും നിന്ന് മദ്യത്തിനും ലഹരിയ്ക്കും അടിമ യായവരെ ഒഴിവാക്കൽ എന്നിങ്ങനെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ കൗൺസിൽ മുന്നോട്ടുവച്ചു.

* കുട്ടികൾ യുവതീയുവാക്കൾ മുതിർന്നവർ എന്നിവർക്കെല്ലാം പ്രായത്തി നനുസരിച്ച് ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘ ടിപ്പിക്കുക.

*മദ്യ-ലഹരി വിമുക്ത കൂട്ടായ്മകൾ ശക്തിപ്പെടുത്തുകയും പ്രായമനുസ രിച്ച് സംഘങ്ങൾക്ക് രൂപം നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

*മദ്യപാനവും ലഹരിവസ്തുക്കളുടെ ഉപയോഗവും തെറ്റാണെന്നും, തിന്മ യാണെന്നും, രോഗമാണെന്നും പ്രചരിപ്പിക്കുകയും ജനങ്ങളിൽ അവയോ ടുള്ള അവജ്ഞ വർദ്ധിപ്പിക്കുകയും ചെയ്യുക.

* സഭാധികാരികൾ, വൈദീകർ, അത്മായനേതാക്കൾ, സന്യാസിനിസന്യാ സികൾ, എന്നിവർ ലഹരിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ശക്ത മായി നേതൃത്വം നല്കുകയും പഠിപ്പിക്കുകയും, പ്രസംഗിക്കുകയും ചെയ്യു ക.

* തിരുന്നാളുകളും ആഘോഷങ്ങളും ലഹരി വിമുക്തമായി കൊണ്ടാടാൻ നിരന്തരം ജനങ്ങളെ ബോധവത്കരിക്കുക.

* മദ്യവും ലഹരി വസ്തുക്കളും ഉപയോഗിക്കുന്ന കൂട്ടായ്മകളിൽ നിന്നും സംഘങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി ക്രൈസ്തവസാക്ഷ്യം നൽകാൻ ജന ങ്ങളെ ബോധവത്ക്കരിക്കുക.

* കുടുംബകൂട്ടായ്മകളും ഇടവക കൂട്ടായ്മകളും മദ്യലഹരിവിമുക്തമാക്കാൻ സംഘടനാ പ്രവർത്തനങ്ങളെ സംശുദ്ധമാക്കി ഏകീകരിച്ച് പ്രവർത്തിക്കുക.
* തെരുവുനാടകങ്ങൾ പോലുള്ള കലാരൂപങ്ങളിലൂടെ പൊതുജനത്തെ മദ്യമയക്കുമരുന്നുകളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുക.
* എല്ലാ ഇടവകകളിലും സാധിക്കുമെങ്കിൽ കുടുംബയൂണിറ്റുകളിൽ പോലും മദ്യവർജ്ജനസമിതികൾ രൂപീകരിച്ച് അവയുടെ പ്രവർത്തനങ്ങൾ ഫൊറോന രൂപതാ തലങ്ങളിൽ ഫലപ്രദമായി ഏകോപിപ്പിക്കുക.
* യൂണിറ്റ്, ഇടവക, ഫൊറോന, സഭാസംഘടനകൾ, കൗൺസിൽ തലങ്ങളിൽ മദ്യപാനികളും ലഹരി വസ്തുക്കൾക്കടിമയായവരും ഇല്ലായെന്നുറപ്പാക്കുക.
* മദ്യത്തിനും ലഹരി വസ്തുക്കൾക്കുമെതിരെയുള്ള സഭയുടെ പ്രതികരണങ്ങൾ ശക്തവും വ്യക്തവുമാക്കി ജനങ്ങളിലെത്തിക്കുക
* സമാനചിന്താഗതികളോടെ പ്രവർത്തിക്കുന്ന ഇതര സംഘടനകളും പ്രസ്ഥാനങ്ങളുമായി സഹകരിച്ചു മുന്നേറുക.

**2.c)** ബോധവൽക്കരണത്തോടും സംഘടനാപ്രവർത്തനത്തോടുമൊപ്പം മദ്യപാനത്തിനും മറ്റും അടിമകളായവരെ രക്ഷിക്കുവാനുള്ള നിരന്തരപ്രവർത്തനത്തിനും സഭ നേതൃത്വം നല്കണം.
* കുടുംബത്തിന്റെ സമഗ്രവികസനത്തിനുതകുന്ന സംവിധാനങ്ങൾ രൂപപ്പെടുത്തി അവരെ മാനസീകമായും, സാമ്പത്തികമായും ശക്തിപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ പങ്കാളികളാക്കുക.
* ചികിത്സാകേന്ദ്രം രൂപപ്പെടുത്തുകയും ചികിത്സിച്ചു മുക്തിപ്രാവിച്ചവരുടെ കൂട്ടായ്മകൾ പ്രാദേശികമായി രൂപപ്പെടുത്തി സഭയുടെ നേതൃത്വത്തിൽ നയിക്കുക. അവയെ നെറ്റ് വർക്കുചെയ്ത് ശക്തിപ്പെടുത്തുക.

എല്ലാ പ്രവർത്തനങ്ങളും ആഴമായ വിശ്വാസത്തിലും, സ്ഥിരമായ പ്രാർത്ഥനാശക്തിയിലും അധിഷ്ഠിതമായി മുന്നോട്ട് കൊണ്ടുപോകണം.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഉത്തമസാക്ഷ്യത്തിലൂടെ മാതൃകയിലൂടെ സമൂഹത്തെ നയിക്കാൻ നാം കടപ്പെട്ടവരാണ് വിശ്വാസ വർഷാചരണവും, രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളും ഒരു ലഹരിവിമുക്ത സംസ്ക്കാരം തന്നെ രൂപപ്പെടുത്താൻ സഹായകമാകട്ടെയെന്ന് അഭിവന്ദ്യ പിതാവ് പ്രത്യാശ പ്രകടിപ്പിച്ചു.

രൂപതാ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീ. കെ. പി. ലോറൻസ് ഏവർക്കും ഹൃദ്യമായ നന്ദിയർപ്പിച്ചു. ഏകദേശം 1.30 ഓടെ യോഗം അവസാനിച്ചു. ഉച്ചഭക്ഷണത്തിനുശേഷം മുൻ നിശ്ചയിച്ചപ്രകാരം എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ആയുർപാലനയോടുചേർന്നു പുതുതായി പണികഴിപ്പിച്ച വൈദികവിശ്രമമന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മത്തിൽ അഭിവന്ദ്യപിതാവിനോടൊപ്പം പങ്കുചേർന്നു.

**അബ്രാഹം പാലത്തിങ്കൽ**
സെക്രട്ടറി





# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2013 മെയ് 30 വ്യാഴാഴ്ച രൂപതാ കാര്യാലയത്തിൽവെച്ച് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വൈദിക സമിതി യോഗത്തിൽ ബഹു. ടെൻസൻ താനിക്കലച്ചൻ പ്രാർത്ഥന നയിച്ചു. പാസ്റ്ററൽ കൗൺസിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ വൈദിക സമിതിയിലും ചർച്ചചെയ്യുന്നതിനുവേണ്ടിയാണ് പ്രസ്തുതയോഗമെന്ന് പിതാവ് വ്യക്തമാക്കി. കഴിഞ്ഞയോഗത്തിന്റെ റിപ്പോർട്ട് സെക്രട്ടറി ബഹു. ജോർജ്ജ് തുരുത്തിപിള്ളിയച്ചൻ അവതരിപ്പിച്ചു.

എ.കെ.സി.സി.യുടെ സുഖമമായ പ്രവർത്തനത്തിന് രൂപതയെ നാലു മേഖലകളായി തിരിച്ചതിൽ തച്ചമ്പാറ മേഖല (കാഞ്ഞിരപ്പുഴ പൊന്നങ്കോട് ഫൊറോനകൾ) എന്നത് കാഞ്ഞിരപ്പുഴമേഖലയെന്നാക്കാൻ തീരുമാനിച്ചു. വിശ്വാസവർഷാചരണ സമാപനം എങ്ങനെയാകണമെന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയിൽ വിശ്വാസവർഷത്തിൽ രൂപതയിൽ ചെയ്തതും ചെയ്തുവരുന്നതുമായ പ്രവർത്തനങ്ങൾ സെക്രട്ടറി വിശദമാക്കി. രൂപതയുടെ റൂബിജൂബിലി സെപ്റ്റംബർ 8 ന് ആരംഭിക്കുന്നതിനാൽ വിശ്വാസ വർഷസമാപനം അതോടൊന്നിച്ചാകാമെന്നായിരുന്നു പൊതുതാൽപര്യം. ഇക്കാര്യം പാസ്റ്ററൽകൗൺസിൽ ചർച്ചക്ക് വിധേയമാക്കാമെന്നും നിർദ്ദേശമുണ്ടായി. രൂപതയുടെ റൂബിജൂബിലി വർഷത്തിൽ തന്നെ എപ്പാർക്കിയൽ അസംബ്ലി സംഘടിപ്പിക്കാനും തീരുമാനമുണ്ടായി. വിഷയത്തെപറ്റി പഠിക്കുവാൻ ബഹു. ജോർജ്ജ് തുരുത്തിപിള്ളി ബഹു. ജോമിസ് കൊടകശ്ശേരി എന്നിവരെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു.

“ക്രൈസ്തവവിശ്വാസ സാക്ഷ്യവും വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളോടുള്ള ആസക്തിവരുത്തുന്ന വെല്ലുവിളികളും” എന്നതായിരുന്നു രണ്ടാമത്തെ ചർച്ചാവിഷയം. മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ ബഹു. ജിജോ പാറയിലച്ചൻ വിഷയം അവതരിപ്പിച്ചു. ബഹു. അച്ചന്റെ നേതൃത്വത്തിൽ നടക്കുന്ന മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങളെ കൗൺസിൽ പ്രശംസിച്ചു. തുടർപരിപാടികളെപറ്റി ചർച്ചചെയ്തു. “ മദ്യപാനികളെ രോഗികളെന്നനിലയിൽ”അവരെ ചികിത്സിക്കുവാൻ തയ്യാറാകണം മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവത്ക്കരിച്ച് മദ്യത്തിനെതിരെ പുതിയ തലമുറയെ ഒരുക്കിയെടുക്കണമെന്നും എല്ലാവരും ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു. അതിന്റെ പ്രവർത്തനങ്ങൾ ഇടവക ഫൊറോന രൂപതാതലങ്ങളിൽ ശക്തമാക്കണമെന്നും തീരുമാനിച്ചു. വൈദികരുടെ പ്രത്യേക ശ്രദ്ധയും മേൽനോട്ടവും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

വിശ്വാസവർഷത്തിന്റെ ഭാഗമായി വിശ്വാസസത്യങ്ങളുടെ ബോധവത്ക്കരണത്തിന് സഹായകമാകുന്ന രീതിയിൽ രൂപതാമതബോധനകേന്ദ്രം ഒരുക്കുന്ന മെഗാക്വിസ് എല്ലാവരും ഗൗരവമായി കാണണമെന്നും അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ഇക്കാര്യത്തിൽ മതബോധനകേന്ദ്രം ചെയ്യുന്ന പ്രവർത്തനങ്ങളെ അഭിവന്ദ്യ പിതാവ് അഭിനന്ദിക്കുകയുണ്ടായി.പ്രാർത്ഥനയോടെ ഒരു മണിക്ക് യോഗം സമാപിച്ചു.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
വൈദികസമതി, സെക്രട്ടറി.

# വിശ്വാസവർഷം - പഠനപരമ്പര 7

## ഏകവും, പരിശുദ്ധവും, ശ്ലൈഹികവും, സാർവ്വത്രികവുമായ തിരുസഭ

സത്യസഭയെ തിരിച്ചറിയാനുള്ള അടയാളങ്ങളെപ്പറ്റി നാം പഠിച്ചുവരികയാണ്. ഐക്യസഭ ഏകവും, പരിശുദ്ധവുമാണെന്ന് കഴിഞ്ഞ പരമ്പരകളിൽ നാം പഠിച്ചു. ഇപ്രാവശ്യം സഭ സാർവ്വത്രികമെന്ന വിശ്വാസസത്യം നമ്മുടെ ചർച്ചയ്ക്കു വിഷയമാക്കുകയാണ്.

'കത്തോലിക്കസഭ' എന്ന പദംതന്നെ സഭയുടെ സാർവ്വത്രികത സൂചിപ്പിക്കുന്നു. ഗ്രീക്കിലെ 'കാത്ത്' (Kath) 'ഹോളോൻ' (holon) എന്നീ പദങ്ങളിൽ നിന്നാണ് കത്തോലിക്കയെന്ന പദം ഉണ്ടായത്. 'ഹോളോൻ' എന്ന പദത്തിന്റെ അർത്ഥം 'എല്ലായിടത്തും' എന്നാണ്. 'കാത്ത്' എന്ന പദത്തിന്റെ അർത്ഥം 'ആയിതീരുക'യെന്നാണ്. അതായത് 'എല്ലായിടത്തും ആയിരിക്കുക'. ഈ പദത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ (actual meaning) ലോകം മുഴുവനും വ്യാപിച്ചിട്ടുള്ള സഭയെന്നും, ഗുണപരമായ അർത്ഥത്തിൽ (Virtual meaning) എല്ലാ മനുഷ്യരുടെയും 'രക്ഷാമാർഗ്ഗം' എന്നർത്ഥത്തിലും മനസിലാക്കാം.

**1. സഭ ലോകം മുഴുവനും നിറഞ്ഞുനിൽക്കുന്ന യാഥാർത്ഥ്യം ആകുന്നത് എന്തുകൊണ്ടാണ്?**

"നിന്നിലൂടെ ഭൂമുഖത്തെ എല്ലാ വംശങ്ങളും അനുഗ്രഹീതമാകും" (ഉല്പ 12:3) എന്ന് അബ്രാഹത്തോട് ദൈവം നല്കിയ വാഗ്ദാനം പൂർത്തിയാകുന്നതിനുവേണ്ടിയാണ് സഭ സ്ഥാപിതമായത്. "ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ച് കൂട്ടുന്നതിനുവേണ്ടി" (യോഹ. 11:52) അയയ്ക്കപ്പെട്ട യേശുവിന്റെ തുടർച്ചയാണ് സഭ. യേശുവിന്റെ ഈ ദൗത്യം സാർവത്രികമെന്നതുപോലെ, സഭയുടെ ദൗത്യവും സാർവ്വത്രികമാണ്. ഉത്ഥിതനായ കർത്താവുതന്നെ സഭയെ ഈ സാർവ്വത്രിക ദൗത്യം ഏല്പിച്ചു. "നിങ്ങൾ





പോയി എല്ലാ ജനങ്ങളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ. 28:19). അതുകൊണ്ട് ആരും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കാൻ ആഗ്രഹിക്കുന്ന ദൈവപദ്ധതി (യോഹ. 3:16) നിറവേറ്റപ്പെടണമെങ്കിൽ സഭ ലോകത്തിന്റെ അതിർത്തികൾവരെയും വ്യാപിക്കണം. സകല ജനങ്ങളോടും സുവിശേഷം പ്രസംഗിച്ചു കഴിയുമ്പോഴാണ് ലോകാവസാനം ഉണ്ടാവുകയെന്നു ക്രിസ്തു തന്നെ പഠിപ്പിച്ചിട്ടുണ്ട്. (മത്താ. 24:14, ലൂക്ക 24:47). സകല ജനതകളോടും (മത്താ. 28:19, മർക്കോ 16:15), ലോകത്തിന്റെ അതിർത്തികൾവരെയും (അപ്പ. 1:8) സുവിശേഷം പ്രസംഗിക്കാനുള്ള ദിവ്യരക്ഷകന്റെ ആഹ്വാനം തന്നെ സഭയുടെ സാർവ്വത്രിക സ്വഭാവം കാണിക്കുന്നു.

**2. സഭയുടെ ആരംഭവും വളർച്ചയും അതിന്റെ സാർവത്രികതയെ എപ്രകാരമാണ് പ്രകടമാക്കുന്നത്?**

സാർവ്വത്രികതയ്ക്കുള്ള സഭയുടെ പ്രയാണം അപ്പസ്തോലിക കാലംമുതൽ ആരംഭിച്ചിരിക്കുന്നു. ജറുസലം കേന്ദ്രീകരിച്ച് സമരിയായിലും, യൂദയായിലും, അന്തോക്യ കേന്ദ്രീകരിച്ച് വിജാതീയരുടെ ഇടയിലും സുവിശേഷം പ്രസംഗിക്കപ്പെട്ടു. പൗലോസ് അപ്പസ്തോലന്റെ പ്രവർത്തനങ്ങളിലൂടെ വിജാതീയരുടെ ഇടയിൽ സഭ അത്ഭുതാവഹമായ വളർച്ച നേടി. 'കത്തോലിക്കസഭ' എന്ന പദം ആദ്യമായി ഉപയോഗിച്ചത് അന്തോക്യായിലെ വി. ഇഗ്നേഷ്യസാണ്. ജറുസലേമിലെ വി. സിറിൾ 'കാതോലികം' എന്ന പദത്തെ ലോകമാസകലമുള്ള സഭയുടെ വ്യാപ്തി എന്നർത്ഥത്തിലും, സഭയുടെ പ്രബോധനങ്ങൾ ലോകത്തിലാകമാനം ബാധകമാണെന്നർത്ഥത്തിലും ഉപയോഗിക്കുന്നുണ്ട്.

**3. വി. തോമസ് അക്വിനാസ് സഭയുടെ സാർവ്വത്രികതയെ എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?**

സഭ അതിന്റെ വ്യാപ്തിയിലും (Space) കാലത്തിലും (Time) ഉള്ളടക്കത്തിലും (content) സാർവ്വത്രികമാണെന്ന് വി. അക്വിനാസ് പഠിപ്പിക്കുന്നു. അതായത് a) സഭ ലോകമാസകലം വ്യാപിച്ചിരിക്കുന്നതിനാൽ സാർവ്വത്രികമാണ്. b) സഭയിൽ സകല ജനപദങ്ങൾക്കും, ഗോത്രങ്ങൾക്കും അംഗത്വം ഉള്ളതുകൊണ്ട് സഭ സാർവ്വത്രികമാണ്. c) മനുഷ്യകുലത്തിന്റെ ആരംഭം മുതൽ – ആദ്യമായി മരണമടഞ്ഞ ആബേലിന്റെ കാലം മുതൽ – ലോകാവസാനം വരെ സഭയുള്ളതിനാൽ സഭ സാർവ്വത്രികമാണ്.

**4. സഭയുടെ സാർവ്വത്രിക സ്വഭാവവും, സാംസ്കാരിക അനുരൂപണവും**

**തമ്മിലുള്ള ബന്ധമെന്ത്?**

എല്ലാ ജനതകളുടെയും സംസ്കാരത്തെ വിശുദ്ധീകരിക്കുകയും സുവിശേഷവത്കരിക്കുകയും ചെയ്യുകയെന്നത് സഭയുടെ സാർവ്വത്രിക ദൗത്യത്തിൽപ്പെടുന്നു. ക്രിസ്തുവിന്റെ സഭയ്ക്കു സ്വന്തമായൊരു സംസ്കാരമില്ല; എല്ലാ സംസ്കാരങ്ങളെയും അവൾ സ്വന്തമാക്കുന്നു. യഹൂദരുടെയും, ഗ്രീക്കുകാരുടെയും സംസ്കാരങ്ങൾ സ്വന്തമാക്കുകയും, അവയെ ക്രിസ്തുവത്കരിക്കുകയും ചെയ്ത ആദിമസഭ ഈ സാർവ്വത്രിക ദൗത്യത്തിന്റെ ഉത്തമോദാഹരണമാണ്. ചുരുക്കത്തിൽ യേശുക്രിസ്തുവിനെ നാഥനും രക്ഷകനുമായി ഏറ്റുപറയുന്നതിനു ആരും തങ്ങളുടെ സാസ്കാരിക പൈതൃകം ഉപേക്ഷിക്കേണ്ടതില്ല. എല്ലാ മതങ്ങളിലും, എല്ലാ സംസ്കാരങ്ങളിലും ചില ക്രൈസ്തവ മൂല്യങ്ങളുണ്ട് (വത്തിക്കാൻ കൗൺസിൽ II, അക്രൈസ്തവമതങ്ങൾ, 2) പലപ്പോഴും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമായി കൂടികുഴഞ്ഞാണ് ഈ മൂല്യങ്ങൾ കാണപ്പെടുന്നത്. അവയെ കണ്ടെത്തുകയും ശുദ്ധീകരിക്കുകയും ചെയ്യുക സഭയുടെ ദൗത്യമാണ്. ഓരോ സംസ്കാരത്തിലും ക്രിസ്തു വീണ്ടും അവതരിക്കുവാൻ സഭ കളമൊരുക്കണം. “ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി പ്രസവവേദന അനുഭവിക്കുന്നു” (ഗലാ. 4:19) എന്നു പറഞ്ഞ വി. പൗലോസ് അപ്പസ്തോലൻ സഭയുടെ ഈ ദൗത്യത്തെ വ്യക്തമാക്കുന്നു. സാംസ്കാരിക അനുരൂപണം (Incultuation) എന്ന് അറിയപ്പെടുന്ന പ്രക്രിയ സഭ എക്കാലത്തും നിർവഹിച്ചിരുന്നുവെന്നതിന്റെ വ്യക്തമായ തെളിവുകളാണ് ഏകസഭയിൽ നിലനിൽക്കുന്ന വ്യത്യസ്ത റീത്തുകൾ. ചിലപ്പോഴെല്ലാം മിഷനറിമാർ സുവിശേഷം പ്രസംഗിക്കാനുള്ള തീക്ഷ്ണതയിൽ ഈ സത്യം വിസ്മരിക്കുകയും, തങ്ങളുടെ സംസ്കാരത്തെ ക്രിസ്തുവിന്റെ സുവിശേഷമായി തെറ്റിദ്ധരിച്ച് അവ അന്യജനതകളുടെ മേൽ കെട്ടിവയ്ക്കുവാൻ ശ്രമിക്കുകയും ചെയ്തതിന്റെ ദുഃഖസ്മരണകൾ സഭയ്ക്കുണ്ട്. അതുകൊണ്ട് പല രാജ്യങ്ങളിലും സഭ വൈദേശികമായി തെറ്റിദ്ധരിക്കപ്പെടുന്നു. എന്നാൽ സഭയുടെ സാർവ്വത്രിക ദൗത്യം എല്ലാ ജനതകളുടെയും സംസ്കാരത്തെ വിശുദ്ധീകരിക്കുകയും, സുവിശേഷവത്കരിക്കുകയുമാണ്.

**5. സാർവ്വത്രിക സഭ ലോകമാസകലമുള്ള സകല മനുഷ്യരുടെയും രക്ഷയ്ക്കുള്ള മാർഗ്ഗമാണെങ്കിൽ ഇതര മതവിശ്വാസികളുടെ രക്ഷയെങ്ങനെയാണ് സാധ്യമാകുന്നത്?**

രക്ഷയും, ജ്ഞാനസ്നാനവും തമ്മിലുള്ള ബന്ധമാണ് ഇവിടെ വിഷയം. ഈശോമിശിഹായുടെ കുരിശു മരണത്തിലൂടെ സംജാതമായ രക്ഷ





നാം പങ്കുചേരുന്നത് മാമ്മോദീസായിലൂടെയാണ്. ഈ കൗദാശിക വരപ്രസാദം പൂർണ്ണമായും ദൈവത്തിന്റെ ദാനമാണ്. അതിന്റെ ഉറവിടമാകട്ടെ ഈശോയുടെ കുരിശിലെ ബലിയും. ഇങ്ങനെ കുരിശു മരണത്തിന്റെ വരപ്രസാദത്തിൽ കൗദാശികമായി പങ്കുചേരാനുള്ള വിളി ലഭിച്ചവരാണ് സഭയിലെ അംഗങ്ങൾ. സഭയിൽ അംഗങ്ങളല്ലാത്തവരെയും രക്ഷിക്കാൻ ദൈവത്തിനു കഴിയും. കാരണം അവിടുത്തേക്കു യാതൊന്നും അസാധ്യമല്ല. ഇതു പൂർണ്ണമായും ദൈവത്തിന്റെ തീരുമാനവും, ദൈവിക നടപടിയുടെ ഭാഗവുമാണ്. തന്മൂലം മാമ്മോദീസ സ്വീകരിച്ചിട്ടില്ല എന്ന ഒറ്റകാരണത്താൽ പ്രസ്തുത ആത്മാക്കളെല്ലാം നരകത്തിലെത്തിയെന്നു വാദിക്കുന്ന സെക്ടറുകളുടെ വാദം സഭാപഠനങ്ങൾക്ക് വിരുദ്ധമാണ്. സഭയുടെ പഠനം ഇപ്രകാരമാണ്, “രക്ഷിക്കപ്പെടുന്ന എല്ലാ മനുഷ്യരും വ്യത്യസ്തമായ വിധത്തിലാണെങ്കിലും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി യേശുവിന്റെ രക്ഷാകര രഹസ്യത്തിലാണ് പങ്കുകാരാകുന്നത്. ക്രിസ്ത്യാനികൾ വിശ്വാസംവഴി ഈ സത്യം അറിയുമ്പോൾ, മറ്റുള്ളവരാകട്ടെ തങ്ങളുടെ രക്ഷയുടെ ഉറവിടം ക്രിസ്തുവാണെന്നറിയാതെ ജിവിക്കുന്നു. രക്ഷയുടെ രഹസ്യം അവരിലെത്തി ചേരുന്നത് ദൈവത്തിനുമാത്രം അറിയാവുന്ന വഴികളിലൂടെ, പരിശുദ്ധാത്മാവിന്റെ അദൃശ്യമായ പ്രവർത്തനത്തിലൂടെയാണ്..... തങ്ങളുടെ രക്ഷകനെ അറിയാത്തപ്പോഴും അംഗീകരിക്കാത്തപ്പോഴും രക്ഷയുടെ ദാനം ദൈവം അവർക്കു നല്കുന്നു” (AG 3,9,11). മാമ്മോദീസാ സ്വീകരിക്കാത്ത എല്ലാവരും നരകത്തിലെത്തുന്നില്ല എന്നത് ഈ പഠനത്തിലൂടെ വ്യക്തമാണ്.

**6. സകലരുടെയും രക്ഷയ്ക്കുള്ള മാർഗ്ഗം ക്രിസ്തുവിന്റെ കുരിശിലെ ബലിയാണെങ്കിൽ ക്രിസ്തുവിന്റെ വരവിനു മുമ്പ് മരിച്ചവരുടെ രക്ഷയെക്കുറിച്ച് എന്താണ് സഭയുടെ പഠനം?**

കുരിശിലെ ബലിയിലെ വരപ്രസാദം സമയത്തിനും, കാലത്തിനും അതീതമാകയാൽ സകല കാലത്തും ജീവിച്ചിരിക്കുന്നവർക്ക് സംലഭ്യമാക്കാൻ ദൈവത്തിനു കഴിയും. യേശുവിന്റെ സഭ ഭൂമിയില്ലായിരുന്ന കാലം ഉണ്ടായിരുന്നില്ലെന്നും, ലോകസൃഷ്ടിക്കു ശേഷം ആദ്യമായി മരണമടഞ്ഞ ആബേലിന്റെ കാലംമുതൽ സഭയുണ്ടായിരുന്നുവെന്നു വി. അഗസ്ത്യനോസ് പഠിപ്പിച്ചു. ചരിത്രത്തിലെ നിയതമായ സമയത്തും, സ്ഥലത്തും നടന്ന സംഭവമാണ് കുരിശിലെ ബലി. എന്നാൽ അതിലൂടെ കൈവന്ന വരപ്രസാദം സ്ഥലകാലങ്ങൾക്കതീതമായി സംലഭ്യമാക്കുവാൻ ദൈവത്തിനു കഴിയുമെന്ന സത്യം നാം ഗ്രഹിക്കണം.

**7. 'വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും' (മർക്കോ 16:16), 'പെട്ടകത്തിലുണ്ടായിരുന്ന എട്ടുപേർ മാത്രമേ രക്ഷപ്രാപിച്ചുള്ളൂ" (1 പത്രോ. 3:20) ഈ ബൈബിൾ ഉദ്ധരണികൾ പറഞ്ഞുകൊണ്ട് സ്നാനപ്പെടാത്തവർ രക്ഷ പ്രാപിക്കില്ലായെന്ന് ചില സെക്ടറുകൾ പറയുന്നത് ശരിയാണോ?**

ഈ ബൈബിൾ ഉദ്ധരണികൾ അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കണം. 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ 16:15) എന്ന കല്പന നല്കിയതിനുശേഷമാണ് 'വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും' (മർക്കോ 16:16) എന്നു മുന്നറിയിപ്പ് നല്കുന്നത്. ആദ്യം സുവിശേഷപ്രഘോഷണം നടത്തണം. അതു വിശ്വാസത്തിലേക്ക് നയിക്കണം. വിശ്വാസമാകട്ടെ ദൈവത്തിന്റെ ദാനമാണ്. അപ്പോൾ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം ലഭിച്ചിട്ടും അതിനെ നിഷേധിക്കുകയോ വിശ്വാസിക്ക് അനുയോജ്യമായ വിധം ജീവിക്കാതിരിക്കുകയോ ചെയ്യുന്നവരാണ് ശിക്ഷിക്കപ്പെടുക. സുവിശേഷം പ്രഘോഷിക്കാനുള്ള ശിഷ്യസമൂഹത്തിന്റെ ഉത്തരവാദിത്വമാണ് ഈ വാക്യം എടുത്തുകാണിക്കുന്നത്. സുവിശേഷം കേൾക്കാത്തവരെ പറ്റി ഇവിടെ ഒന്നും പറയുന്നില്ല. പത്രോസിന്റെ ലേഖനത്തിൽ ജ്ഞാനസ്നാനത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധ്യപ്പെടുത്താൻ വേണ്ടിയാണ് പ്രളയത്തിന്റെയും പെട്ടകത്തിന്റെയും ഉപമ ഉപയോഗിച്ചിരിക്കുന്നത്. "ആ പെട്ടകത്തിലുണ്ടായിരുന്ന എട്ടുപേർമാത്രമേ ജലത്തിലൂടെ രക്ഷപ്രാപിച്ചുള്ളൂ. അതിന്റെ സദൃശ്യമുള്ള ജ്ഞാനസ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു" (1 പത്രോ. 3:20–21). ജലത്തിലൂടെ ലഭിക്കുന്ന രക്ഷയ്ക്കാണ്, അല്ലാതെ പെട്ടകത്തിൽ കയറാത്തവർക്കു സംഭവിച്ച നാശത്തിനല്ല ഇവിടെ ഊന്നൽ നല്കുന്നത്. ജ്ഞാനസ്നാനത്തിലൂടെ സഭയിൽ പ്രവേശനവും, രക്ഷയും ലഭിക്കുന്നുവെന്നല്ലാതെ ജ്ഞാനസ്നാനം സ്വീകരിക്കാത്തവർ ശിക്ഷിക്കപ്പെടുമെന്നു ഈ വാക്യം ഉദ്ദേശ്യം വയ്ക്കുന്നില്ല.

ചുരുക്കത്തിൽ സഭ സാർവ്വത്രികമാണെന്നു പറയുമ്പോൾ എല്ലാ ജനതകൾക്കും, എല്ലാ കാലത്തും രക്ഷയുടെ മാർഗ്ഗമായിട്ടാണ് സഭ സ്ഥാപിതമായിരിക്കുന്നതെന്നും, ദൈവം വെളിപ്പെടുത്തിയ സത്യം പൂർണ്ണമായി സഭ പഠിപ്പിക്കുന്നുവെന്നും, ലോകമെങ്ങുമുള്ള എല്ലാ പ്രാദേശിക സഭകളെയും ഉൾകൊള്ളുന്നതാണ് സഭയെന്നും, അർത്ഥമാക്കുന്നു. (തിരുസഭ ശ്ലൈഹികമാണെന്ന വിശ്വാസസത്യം അടുത്ത പഠനപരമ്പരയിൽ ചർച്ചചെയ്യും).

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Aug-13 | THU | Rev. Fr. Kulampil Jose |
| 2-Aug-13 | FRI | Rev. Fr. Kulampil Abin |
| 3-Aug-13 | SAT | Rev. Fr. Kunthaniyil Varghese |
| 5-Aug-13 | MON | Rev. Fr. Kuruthukulngara Peter |
| 6-Aug-13 | TUE | Rev. Fr. Kuttikadan Aljo |
| 7-Aug-13 | WED | Rev. Fr. Kuttipuzhakaran Sanil |
| 8-Aug-13 | THU | Rev. Fr. Malekudiyil Sherjo |
| 9-Aug-13 | FRI | Rev. Fr. Maliekal George |
| 10-Aug-13 | SAT | Rev. Fr. Mangalan Sebastian |
| 12-Aug-13 | MON | Rev. Fr. Maramattam Xavier |
| 13-Aug-13 | TUE | Rev. Fr. Mavarayil Shijo |
| 14-Aug-13 | WED | Rev. Fr. Mavunkal Jacob |
| 16-Aug-13 | FRI | Rev. Fr. Murickananickal Santhosh |
| 17-Aug-13 | SAT | Rev. Fr. Muringakudiyil Biju |
| 19-Aug-13 | MON | Rev. Fr. Naduvathaniyil Shyju |
| 20-Aug-13 | TUE | Rev. Fr. Nalpathamkalam Sumesh |
| 21-Aug-13 | WED | Rev. Fr. Nedumpurath Antony |
| 22-Aug-13 | THU | Rev. Fr. Olakkengil Viani |
| 23-Aug-13 | FRI | Rev. Fr. Ollukaran Vincent |
| 24-Aug-13 | SAT | Rev. Fr. Palathinkal Abraham |
| 26-Aug-13 | MON | Rev. Fr. Pallineerakkal Jaimon |
| 27-Aug-13 | TUE | Rev. Fr. Panapparambil Joseph |
| 28-Aug-13 | WED | Rev. Fr. Parayil Jijo |
| 29-Aug-13 | THU | Rev. Fr. Perumattil Antony |
| 30-Aug-13 | FRI | Rev. Fr. Perumbillil George |
| 31-Aug-13 | SAT | Rev. Fr. Plathottathil Biju |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"വഴിയും സത്യവും ജീവനും ഞാനാണ്"** (യോഹ. 14:6) എന്നതിനെ ആസ്പദമാക്കി ഏക ദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യഥാർത്ഥ വഴിയും സത്യവും ജീവനുമായ ദൈവം യേശുതന്നെയാണെന്നുള്ള വിശ്വാസത്തിലടിയുറച്ച്, വളരുന്ന തലമുറയെ വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ. ടീച്ചേഴ്സ് സെമിനാറിൽ സംബന്ധിക്കുന്ന അധ്യാപകർ അവരുടെ ടീച്ചിംഗ് നോട്ടും കൊണ്ടുവരേണ്ടതാണ്.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **ജൂലായ് 13** | **ശനി** | **9.30 am to4.00pm** | **ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ആഗസ്റ്റ് 06 | ചൊവ്വ | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 09 | വെള്ളി | 9.30 am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| സെപ്റ്റം. 14 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 21 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 14 | തിങ്കൾ | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 16 | ബുധൻ | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| **ജൂലായ് 14** | **ഞായർ** | **9.30am to 4.00pm** | **കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ജൂലായ് 21** | **ഞായർ** | **9.30am to 4.00pm** | **താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| ആഗസ്റ്റ് 04 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 11 | ഞായർ | 9.30am to 4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 18 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 01 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം 22 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഒക്ടോ. 20 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 27 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**VIII & IX ലൈംഗീക ധാർമ്മികാവബോധ സെമിനാർ-2013**

വർദ്ധിച്ചുവരുന്ന ലൈംഗീക അരാജകത്വത്തിന്റെ നടുവിൽ കുട്ടികൾക്ക് ദിശാബോധം നൽകുന്നതിനായി ലൈംഗീക ധാർമ്മികാവബോധ സെമിനാറുകൾ സംഘടിപ്പിച്ചിരിക്കുന്നു. ലൈംഗീകത ദൈവദാനമാണെന്നുള്ള തിരിച്ചറിവിലേക്ക് കടന്നുവരുവാൻ ഈ സെമിനാറുകൾ കുട്ടികളെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| സെപ്റ്റ. 15 | ഞായർ | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

| | | | |
|---|---|---|---|
| നവം. 10 | ഞായർ | 9.30am to 4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവം. 24 | ഞായർ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 15 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| ഡിസം. 22 | ഞായർ | 9.30am to 4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഡിസം. 29 | ഞായർ | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 05 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജനുവരി 12 | ഞായർ | 9.30am to 4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജനുവരി 19 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 02 | ഞായർ | 9.30am to 4.00pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഫെബ്രു. 09 | ഞായർ | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം, ഡെയ്‌ലി കാറ്റികിസം, സന്മാർഗ്ഗശാസ്ത്രം എന്നിവയുടെ പുസ്തകങ്ങളും മറ്റും വാങ്ങിയവർ എത്രയും വേഗം കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു.

സൺഡേ കാറ്റികിസം പരീക്ഷകൾ, സ്കൊളാസ്റ്റിക് ടെസ്റ്റ്, ക്വിസ്മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായി' സാൻജോ ബുക്ക് സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. (വില 50 രൂപ)

**ഒന്നാം മിഡ്ടേം പരീക്ഷ**

സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെ ഒന്നാം മിഡ് ടേം പരീക്ഷ ജൂലായ് 28 ഞായറാഴ്ച നടത്തുന്നു. ഈ വിശ്വാസവർഷത്തിൽ വത്തിക്കാൻ പ്രമാണരേഖകളെകൂടി ഉൾപ്പെടുത്തിയാണല്ലോ പരീക്ഷകൾ ക്രമീകരിച്ചിരിക്കുന്നത്. പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് പഠനസഹായി ഉപയോഗിച്ചാണ് പഠിക്കേണ്ടത്.

**മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാ ക്വിസ് 2013-2014**

ഈ വിശ്വാസവർഷത്തിൽ വിശ്വാസസ്ഥിതീകരണത്തിനും ഏറ്റുപറയുന്നതിനുമായി രണ്ടാംവത്തിക്കാൻ കൗൺസിലിൽനിന്നും ഉരുത്തിരിഞ്ഞ 16 പ്രമാണരേഖകളെ ആസ്പദമാക്കി 1500 ചോദ്യങ്ങൾ അടങ്ങിയ മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ മെഗാക്വിസ് എന്ന പഠനസഹായി തയ്യാറായിരിക്കുന്നു. സാൻജോ ബുക്ക്സ്റ്റാളിൽനിന്നും 50 രൂപ നിരക്കിൽ പുസ്തകം ലഭിക്കുന്നതാണ്.

**i. പങ്കെടുക്കുന്നവർ**

മൂന്നു ഗ്രൂപ്പുകളായി തിരിച്ചാണ് മത്സരം നടത്തുന്നത്. എ.ബി.സി എന്നിങ്ങനെയാണ്. ഗ്രൂപ്പുകൾ. എ ഗ്രൂപ്പിൽ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും ബി. ഗ്രൂപ്പിൽ 10 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരും സി ഗ്രൂപ്പിൽ 12 ന് ശേഷമുള്ള ആർക്കും പ്രായപരിധിയില്ലാതെ പങ്കെടുക്കാവുന്നതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

താല്പര്യമുള്ള അഞ്ചാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രസ്തുത ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
കുടുംബസമ്മേളനങ്ങളിൽ മാർ ഇരിമ്പൻ മെമ്മോറിയൽ മെഗാ ക്വിസിന്റെ പഠനസഹായി ചർച്ചയ്ക്ക് വിധേയമാക്കി എല്ലാവരെയും ഈ മെഗാ ക്വിസിൽ പങ്കെടുപ്പിക്കുന്നത് ഈ വിശ്വാസവർഷത്തിൽ ഉചിതമായിരിക്കും. ഇക്കാര്യം വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ii. സമ്മാനങ്ങൾ**

മികച്ച സമ്മാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഒരോ ഗ്രൂപ്പിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ക്രമമനുസരിച്ച് 3000,2000,1000 രൂപവീതം സമ്മാനങ്ങൾ നൽകുന്നതാണ്.
കൂടാതെ ഓരോഗ്രൂപ്പിനും 85 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും ഒരു നമ്പർ തിരഞ്ഞെടുത്ത് ആ നമ്പറിന്റെ ഉടമക്ക് വിശുദ്ധനാട് സന്ദർശിക്കാനുള്ള ടിക്കറ്റ് നൽകുന്നതാണ്.
60 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ നമ്പറുകൾ ഒരുമിച്ച് ചേർത്ത് നറുക്കെടുപ്പിലൂടെ ഓരോഗ്രൂപ്പിൽ നിന്നും 15 പേരെ വീതം തിരഞ്ഞെടുത്ത് വേളാംകണ്ണിയിലേക്ക് തീർത്ഥയാത്രക്കുള്ള അവസരമൊരുക്കുന്നു.

**iii. രജിസ്ട്രേഷൻ**

വിശ്വാസപരിശീലനവേദി പ്രധാനാദ്ധ്യാപകർവഴി ഇടവകയിലേക്കു നൽകുന്ന ഓരോഗ്രൂപ്പിനും വേണ്ടിയുള്ള നിശ്ചിതഫോം വഴിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. രജിസ്ട്രേഷൻ നടത്തുമ്പോൾ 50 രൂപ നല്കേണ്ടതാണ്. തദവസരത്തിൽ 50 രൂപ വിലയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെ അടിസ്ഥാനമാക്കി രൂപതാ വിശ്വാസപരിശീലനവേദി

തയ്യാറാക്കിയ പഠനസഹായി ലഭിക്കുന്നതാണ്. ആ പഠന സഹായിയുടെ അവസാനത്തെ പേജാണ് പരീക്ഷ എഴുതാനുള്ള ഹാൾ ടിക്കറ്റ്. ഹാൾ ടിക്കറ്റിൽ രജിസ്ട്രേഷൻ നമ്പർ ഉറപ്പാക്കാൻ ശ്രദ്ധിക്കുമല്ലോ.

**iv. പരീക്ഷാ ക്രമീകരണങ്ങൾ**

പഠനസഹായി അടിസ്ഥാനമാക്കി മാത്രമായിരിക്കും ചോദ്യങ്ങൾ ശരിയുത്തരം നൽകപ്പെട്ടിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുത്ത് ചോദ്യപേപ്പറിൽതന്നെ കളർ ചെയ്യുന്ന രീതിയിലുള്ള 100 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യപേപ്പറാണ് തയ്യാറാക്കുക. കൂടാതെ മൂന്ന് ചോദ്യങ്ങൾ രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതാനും നൽകുന്നതാണ്.

**v. പരീക്ഷാ തിയ്യതിയും സമയവും**

രൂപതയിലെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും നവംമ്പർ 9 രണ്ടാം ശനിയാഴ്ച 10 മുതൽ 12.30 വരെ ആയിരിക്കും മത്സരം നടക്കുക.

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 15 തിങ്കളാഴ്ച്ചയാണ്.

**ലോഗോസ് ക്വിസ് 2013**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാകുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 ആരംഭിച്ച് ജൂലായ് 31ന് അവസാനിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**HDC കറൻസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടമാണല്ലോ കൗമാരവും യൗവ്വനവും. അതിനോടനുബന്ധിച്ച് നമ്മൾ നടത്തുന്ന HDC പരിശീലനവും. വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കോൺടാക്ട് ക്ലാസുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യംവച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. തക്കതായ കാരണങ്ങളാൽ ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 300 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 31 ശനിയാഴ്ച്ചയ്ക്ക് മുൻപായി ഏൽപിക്കേണ്ടതാണ്. പാസ്റ്ററൽ സെന്ററിൽ താമസിച്ചാണ് രണ്ടുദിവസത്തെ സെമിനാർ നടക്കുക. ഈ വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ് ഒക്ടോബർ 13, 14 തിയ്യതികളിലും ഡിസംബർ 26നുമായിരിക്കും നടക്കുക. **ഒരു ഇടവകയിൽ നിന്നും രണ്ടിൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടെത്തന്നെ അനുയോജ്യമായ സമയവും സാഹചര്യവുമൊരുക്കി വിശ്വാസപരിശീലനം നടത്തേണ്ടതാണ്.**





**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 3 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2013 ഡിസംബർ 1-ാംതിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. അവയിൽനിന്ന് മികവുപുലർത്തുന്ന രണ്ട് മാസികകൾ ഫൊറോന ഡയറക്ടറുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുത്ത് ഡിസംബർ 15ന് മുമ്പ് വിശ്വാസപരിശീലനവേദിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫൊറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം.

**BTC കോഴ്സ്**

2013 ജൂൺ 7, 8, 9 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന 57-ാം ബാച്ച് BTC യിൽ 11 ഫൊറോനകളിൽ നിന്നായി 79 മതാദ്ധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത്, മോൺ. ജോസഫ് ചിറ്റിലപ്പിള്ളി, റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ, റവ ഡോ. മാത്യുവാഴയിൽ, റവ. ഫാ. സജി പനപ്പറമ്പിൽ, റവ. ഫാ. ജോമി തേക്കുംകാട്ടിൽ, റവ. ഫാ. ജെയ്സൺ കൊള്ളന്നൂർ, റവ. ഫാ. ജെയ്മോൻ പള്ളിനീരായ്ക്കൽ, ശ്രീ. ഷാജി മാലിപ്പാറ, അഡ്വ. ജസ്റ്റിൻ, റവ. സി. സെറിൻ സി.എം.സി. തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി BTC യിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നല്കി. ഈ കോഴ്സിൽ പങ്കെടുക്കുകയും വിജയിപ്പിക്കുകയും ചെയ്ത എല്ലാ മതാദ്ധ്യാപകർക്കും അവരെ പ്രോത്സാഹിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്ത എല്ലാ വികാരി അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

**പുസ്തക പരിചയപ്പെടുത്തൽ സെമിനാർ**

2013 ജൂൺ 8-ാം തിയ്യതി പുതിയ അദ്ധ്യാപകർക്കും പുതിയ ക്ലാസ്സുകളിലേക്ക് ഈ വർഷം പഠിപ്പിക്കാൻ പോകുന്ന അദ്ധ്യാപകർക്കുമുള്ള പുസ്തക

പരിചയപ്പെടുത്തൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 105 അദ്ധ്യാപകർ ഇതിൽ പങ്കെടുത്തു. ഫാ. ജോമി തേക്കുംകാട്ടിൽ, ശ്രീ. ഫ്രാങ്കോ, സി. മെറിൻ സി.എം.സി., സി. ജാൻസി എസ്.എൻ.ഡി.എസ്. ശ്രീമതി അനുഷ, ബ്ര. ജൈജു കൊഴുപ്പക്കളം തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **ജൂലൈ 6** | **ശനി** | **10am to 4pm** | **വടക്കഞ്ചേരി മേഖല (ചെറുപുഷ്പം സ്കൂൾ)** |
| **ജൂലൈ 20** | **ശനി** | **10am to 4pm** | **മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ)** |
| ആഗസ്റ്റ് 3 | ശനി | 10am to 4pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2013-2014 അദ്ധ്യായന വർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മ പദ്ധതിയും ജൂൺ 30ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## സ്റ്റാർസ്

വിശ്വാസപരിശീലനവേദിയിൽ 5-ാം ക്ലാസ്സിൽ ഉന്നത റാങ്കും ഹാജറും നേടി, ഇപ്പോൾ 6-ാം ക്ലാസ്സിൽ പഠിക്കുന്നവരെയാണ് സ്റ്റാർസിലേക്ക് തിരഞ്ഞെടുക്കുന്നത്. ഇവർ സ്കൂളിലും 6-ാം ക്ലാസിൽ പഠിക്കുന്നവരാണെന്ന് ഉറപ്പുവരുത്തിവേണം തിരഞ്ഞെടുക്കാൻ. ഒരു ഇടവകയിൽനിന്ന് മേൽപ്പറഞ്ഞപ്രകാരം 6-ാം ക്ലാസ്സിൽ, പത്തോ അതിൽ കുറവോ കുട്ടികളാണുള്ളതെങ്കിൽ ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും എന്ന അനുപാതത്തിലും അതിൽ കൂടുതൽ ആണെങ്കിൽ രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും എന്ന അനുപാതത്തിലുമാണ് തിരഞ്ഞെടുക്കേണ്ടത്. സ്റ്റാർസിന്റെ അപേക്ഷാ ഫോറം നൽകേണ്ട അവസാന തിയ്യതി ജൂൺ 30 ശനിയാഴ്ചയായിരുന്നു. ഇത് ജൂലൈ 15 വരെ നീട്ടിയിരിക്കുന്നു.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, സ്റ്റാർസ്





## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2013**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭാമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2013.

**ലോഗോസ് ബൈബിൾ ക്വിസ് രജിസ്ട്രേഷൻ നടത്തേണ്ടവിധം**

ലോഗോസ് ബൈബിൾ ക്വിസ് രജിസ്ട്രേഷൻ കഴിഞ്ഞ വർഷത്തെപ്പോലെ തന്നെ ഈ പ്രാവശ്യവും ഓൺ ലൈൻ രജിസ്ട്രേഷൻ ആണ്.രജിസ്ട്രേഷൻ നടത്തുവാൻ ആദ്യം www.catechismpalghat.org എന്ന site-ൽ ലോഗോസ് ബൈബിൾ ക്വിസിന്റെ ലോഗോ ക്ലിക്ക് ചെയ്ത് ലോഗോസ് ബൈബിൾ ക്വിസിന്റെ പേജിൽ എത്തി select diocese എന്നിടത്ത് രൂപത പാലക്കാട് എന്ന് സെലക്ട് ചെയ്ത് എന്റർ അടിച്ചാൽ പാലക്കാട് രൂപതയ്ക്ക് രജിസ്ട്രേഷൻ ചെയ്യുവാനുള്ള ഇടത്തെത്തും.അവിടെ centre login ക്ലിക്ക് ചെയ്ത് കഴിഞ്ഞവർഷം നൽകിയ Username+password ഉപയോഗിച്ച് എന്റർ ചെയ്താൽ നിങ്ങളുടെ സെന്ററിൻ രജിസ്റ്റർ ചെയ്യാനുള്ള പേജ് കാണാം. അതിൽ 2012 എന്ന ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ കഴിഞ്ഞവർഷം ലോഗോസ് ക്വിസിന് ആ സെന്ററിൽ നിന്നും പേര് ചേർത്തവരെ കാണാം. അവരുടെ പേരിന്റെ നേരെ ഏററവും അവസാനം രജി. ഫീസ് നൽകാനുള്ള സ്ഥലത്ത് 10 എന്ന് അടിച്ച് Submit ചെയ്താൽ സെന്റർ തല രജിസ്ട്രേഷൻ പൂർത്തിയായി. കഴിഞ്ഞ വർഷം തന്നെ ജനനത്തിയതി ചേർത്തിട്ടുള്ളതിനാൽ കമ്പ്യൂട്ടർ തന്നെ ജനനതിയതി അനുസരിച്ച് ഏതു വിഭാഗത്തിലാണോ ആയിരിക്കേണ്ടത് അതിൽ ഉൾക്കൊള്ളിക്കുന്നതാണ്.

ഇനി പുതിയ ഒരാളെയാണ് ചേർക്കേണ്ടത് എന്നിരിക്കട്ടെ. അതിന് എഡിറ്റ് ഗ്രൂപ്പ് എന്ന് ക്ലിക്ക് ചെയ്യുക. അപ്പോൾ കഴിഞ്ഞ വർഷം നിർമ്മിച്ച 25 പേർ വീതമുള്ള ടീം ഗ്രൂപ്പ് കാണാൻ സാധിക്കും. അതിൽ ഏത് ടീം ഗ്രൂപ്പിലാണോ കോളം മിച്ചമുള്ളത് അവിടെ പുതിയ ആളുടെ പേര് ചേർക്കാം. ഓരോ സെന്ററിന്റെയും കൺട്രോൾ പാനലിൽ കോളങ്ങൾ മിച്ചമുണ്ടെങ്കിൽ അത് എത്രയെന്ന് പെട്ടന്ന് കാണത്തക്കവിധത്തിൽ ക്രമീകരിച്ചിരിക്കുന്നത് ക്ലിക്ക് ചെയ്ത് അവിടെ പുതിയ ആളുകളുടെ പേര് വളരെ എളുപ്പം ചേർക്കാവുന്നതാണ്.

വേദപാഠം പഠിക്കുന്ന കുട്ടികൾ രജിസ്ട്രർ ചെയ്യുമ്പോൾ 10 രൂപ അടിച്ച് സബ്മിറ്റ് ചെയ്യുന്നതിന് മുൻപ് പഠിക്കുന്ന ക്ലാസ് കൃത്യമായി ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇനി ഒരു ടീം അല്ലെങ്കിൽ ഗ്രൂപ്പിൽ സ്ഥലം ബാക്കിയില്ലെങ്കിൽ പുതുയ ടീം ഉണ്ടാക്കിയാണ് പുതിയ ആളുകളുടെ പേര് ചേർക്കേണ്ടത്.

മുകളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ സെന്റർതല രജിസ്ട്രേഷൻ പൂർത്തിയായാൽ ജൂലായ് 31 ന് മുമ്പ് രൂപതാ ബൈബിൾ അപ്പസ്റ്റോലെന്റിന്റെ ഓഫീസിൽ ഓൺലൈൻ രജസ്ട്രേഷൻ ചെയ്തതിന്റെ പ്രിന്റഡ് ഫോമും, ഓരോ സെന്ററിലും രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണമനുസരിച്ച് ആൾക്ക് 10 രൂപ എന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസും നൽകിയാൽ മാത്രമേ ബൈബിൾ സൊസൈറ്റിയുടെ സൈറ്റിൽ നമ്മുടെ ലോഗോസ് ക്വിസ് രജിസ്ട്രേഷൻ പൂർത്തിയാകൂ.

**ലോഗോസ് ക്വിസ് 2013 ന്റെ സവിശേഷതകൾ**

ഈ വർഷം വിദേശമലയാളികൾക്ക് ഓൺലൈൻ വഴി ലോഗോസ് പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2002 ന് ശേഷം ജനിച്ചവർ

B. വിഭാഗം-01-01-1997 നും 31.12.2001 നും ഇടക്ക് ജനിച്ചവർ

C. വിഭാഗം-01-01-1982 നും 31.12.1996 നും ഇടക്ക് ജനിച്ചവർ

D. വിഭാഗം-01-01-1962 നും 31.12.1981 നും ഇടയ്ക്ക് ജനിച്ചവർ.

E. വിഭാഗം-01-01-1949 നും 31-12-1961 നും ഇടയ്ക്ക് ജനിച്ചവർ.

F. വിഭാഗം-31-12-1948 ന് മുമ്പ് ജനിച്ചവർ.

**മത്സരത്തിനുള്ള പാഠഭാഗങ്ങൾ.**

1. ലേവ്യർ 1-14
2. വി. ലൂക്കാ. 1-12
3. യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2013 സെപ്റ്റംബർ 29-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x6=18 പേർ) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2013 നവംബർ 30 ന് രാവിലെ 10.00 മുതൽ ആയിരിക്കും.



**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. ഈ വർഷം ലോഗോസ് പ്രതിഭക്ക് വിശുദ്ധനാട് തീർത്ഥാടനവും ഉണ്ടായിരിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സൺഡേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സൺഡേസ്കൂളു കൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്




**പുതിയ അധ്യയന വർഷം 2013-2013**

പുതിയ അധ്യയനവർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രാർത്ഥനാശംസകളും നന്മകളും നേരുന്നു. ഉണ്ണിശോയുടെ കൈപിടിച്ച് സ്കൂളിലേയ്ക്ക് പോകുവാൻ എല്ലാ കുഞ്ഞുങ്ങളും ശ്രദ്ധിക്കണെ. പുതിയ വർഷത്തിൽ പ്രാർത്ഥനയോടുകൂടി കുഞ്ഞുങ്ങളെ സ്കൂളിലേയ്ക്ക് പറഞ്ഞയക്കുവാൻ എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

2013-14 പ്രവർത്തനവർഷത്തിലെ തിരുബാലസംഖ്യ പ്രവർത്തന പരിപാടികൾ യൂണിറ്റിൽ ആനിമേറ്റേഴ്സ് തയ്യാറാക്കുകയും അതനുസരിച്ച് ഓരോ മാസത്തെയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. മാസത്തിൽ ഒരു സുകൃത ജപമെങ്കിലും കുട്ടികളെ പഠിപ്പിക്കുകയും പ്രാർത്ഥനാ സമ്മേളനങ്ങൾ മുടങ്ങാതെ നടത്താനും ശ്രദ്ധിക്കുമല്ലോ.

**സ്വാഗതം**

തിരുബാലസഖ്യ സംഘടനയിൽ പുതിയതായി അംഗങ്ങളാകുന്ന എല്ലാ കുഞ്ഞുങ്ങളെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. ഈ കുഞ്ഞുങ്ങളെ ഇടവകാതലത്തിലും സംഘടനയിലേക്ക് ആഘോഷമായി സ്വാഗതം ചെയ്യേണ്ടതാണ്.

**ഫൊറോന സെമിനാറുകൾ**

ഈ വർഷത്തെ തിരുബാലസഖ്യ ഫൊറോന സെമിനാറുകൾ മനോഹരമായി നടന്നുവരികയാണ്. മഴയെ അവഗണിച്ചും ആവേശത്തോടെയും അതിയായ ആഗ്രഹത്തോടെയും സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അഭിനന്ദനങ്ങൾ.

ജൂൺമാസം 15-ാം തിയ്യതി ഒറ്റപ്പാലം ഫൊറോനയിലാണ് ഈ വർഷത്തെ ആദ്യസെമിനാർ നടത്തപ്പെട്ടത്. 84 കുട്ടികൾ പങ്കെടുത്ത സെമിനാറിന് ഫാ. അജി ഐക്കര, ഫാ. ജോമി തേക്കുംകാട്ടിൽ, സി. ടിസ്സി ഒ.പി., ബ്ര. ജൈജു കൊഴുപ്പക്കളം, ജിജോ കോമ്പേരി എന്നിവർ നേതൃത്വംകൊടുത്തു. ഫൊറോന വികാരി ഫാ. ഡേവിഡ് ചക്കുംപീടിക ഉത്ഘാടനം നിർവ്വഹിക്കുകയും ഫൊറോന ഡയറക്ടർ ഫാ. ജോബി തരണിയിലും ആനിമേറ്റേഴ്സും വേണ്ട ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തു. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

ഈ വർഷത്തെ രണ്ടാമത്തെ സെമിനാർ പാലക്കാട് ഫൊറോനയിൽ ജൂൺ 22ന് നടത്തപ്പെട്ടു. 47 കുട്ടികൾ പങ്കെടുത്ത സെമിനാർ പാലക്കാട് കത്തീഡ്രൽ വികാരി ഫാ. മാത്യു വാഴയിൽ ഉത്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. അൽജോ കുറ്റിക്കാട്ടിലും ആനിമേറ്റേഴ്സും ക്രമീകരിച്ച സെമിനാറിൽ രൂപതാഡയറക്ടർ ജോമി തേക്കുംകാട്ടിൽ, രൂപതാ ആനിമേറ്റർ സി. ടിസ്സി ഒ.പി., ബ്ര. ജൈജു, ജിജോ കോമ്പേരി എന്നിവർ നേതൃത്വം നല്കി.

സെമിനാറിന് നല്കുന്ന എല്ലാ പിന്തുണക്കും നന്ദി.

**തുടർന്നുവരുന്ന സെമിനാറുകൾ**

| | സ്ഥലം | ദിവസം | സമയം |
|---|---|---|---|
| 1. | പൊന്നംങ്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) | 29.6.13 ശനി | 9.30-3.30 |
| 2. | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 6.7.13 ശനി | 9.30-3.30 |
| 3. | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 20.7.13 ശനി | 9.30-3.30 |
| 4. | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ) | 31.8.13 ശനി | 9.30-3.30 |
| 5. | മണ്ണാർക്കാട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ് ഹാൾ) | 7.9.13 ശനി | 9.30-3.30 |
| 6. | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) | 19.9.13 വ്യാഴം | 9.30-3.30 |
| 7. | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 20.9.13 വെള്ളി | 9.30-3.30 |
| 8. | താവളം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) | 21.9.13 ശനി | 9.30-3.30 |
| 9. | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) | 12.10.13 ശനി | 9.30-3.30 |





ഫൊറോന സെമിനാറുകൾക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഫൊറോന ഡയറക്ടറോടൊപ്പം എല്ലാ ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ.

**പുതിയ വെബ്സൈറ്റ്**

സംഘടനയെ സംബന്ധിക്കുന്ന വാർത്തകളും ഫോട്ടോകളും കാണുവാൻ സന്ദർശിക്കുക,

**www.holychildhoodpalghat.blogspot.in**

**ആനിമേറ്റേഴ്സ്**

ഫൊറോന ആനിമേറ്റേഴ്സിനെ ഇനിയും തെരഞ്ഞെടുക്കാത്ത ഫൊറോനകളിൽ തെരഞ്ഞെടുപ്പു നടത്തി പേരു വിവരങ്ങൾ രൂപതയിൽ എത്തിക്കുമല്ലോ.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## അൾത്താരസംഘം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| **ജൂലൈ 06** | **ശനി** | **9.30 am to 4.00 pm** | **മംഗലംഡാംഫൊറോന (ഫൊറോന പാരിഷ്ഹാൾ)** |
| **ജൂലൈ 20** | **ശനി** | **9.30 am to 4.00 pm** | **ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ)** |

| | | | |
|---|---|---|---|
| ആഗസ്റ്റ് 31 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ചിറ്റിലഞ്ചേരി പാരിഷ്ഹാൾ) |
| സെപ്റ്റം.07 | ശനി | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.19 | വ്യാഴം | 9.30 am to4.00pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.20 | വെള്ളി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 12 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

അൾത്താരസംഘത്തിന്റെ സെമിനാറിനായി വരുമ്പോൾ എ.ബി.എ. ഫ്ളാഗും അൾത്താരസംഘത്തിന്റെ റൂൾ ബുക്കും കൊണ്ടുവരേണ്ടതാണ്.

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷവും അൾത്താര ബാലന്മാർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ജൂനിയർ (5, 6, 7) സീനിയർ (8-12) വിഭാഗങ്ങളിൽ നിന്നും ഓരോ ടീമിന് ഫൊറോനയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാം. പഠന ഭാഗം മാർ ഇരിമ്പൻ മെമ്മോറിയൽ വിശ്വാസവർഷ

| | | |
|---|---|---|
| മെഗാക്വിസ് പഠനസഹായി | - | 60 മാർക്ക് |
| കുർബാനപുസ്തകം | - | 15 മാർക്ക് |
| ലോഗോസ് പഠനഭാഗം | - | 20 മാർക്ക് |
| അൾത്താരശുശ്രൂഷകർ | - | 5 മാർക്ക് |

ഫൊറോനതല മത്സരം ഒക്ടോബർ 16 ബുധൻ - ഫൊറോന കേന്ദ്രങ്ങളിൽ
രൂപതാതല മത്സരം ഡിസംബർ 14 ശനി - പാസ്റ്ററൽ സെന്റർ.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, അൾത്താരസംഘം

## ചെറുപുഷ്പ മിഷൻ ലീഗ്

നമ്മുടെ സംഘടനയുടെ പ്രവർത്തനവർഷം ആരംഭിച്ചു കഴിഞ്ഞല്ലോ. എല്ലാ കുഞ്ഞുമിഷനറിമാരും പുതിയ പ്രവർത്തനവർഷത്തിൽ പുത്തനുണർവോടെ പ്രവർത്തിക്കുവാൻ സന്നദ്ധരാകണം എന്ന് ഓർമ്മിപ്പിക്കുന്നതോടൊപ്പം ജൂലൈ മാസത്തിലെ പ്രധാന പ്രവർത്തനങ്ങൾ അറിയിക്കുന്നു.





**കർമ്മപരിപാടികൾ**

**ജൂലൈ 3 ബുധൻ-**വി. തോമാശ്ലീഹായുടെ തിരുനാൾ. (സംഘടനയുടെ ഉപമദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെ തിരുനാൾ ഭക്തിനിർഭരമായി ആചരിക്കുക, മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുക, ദിവ്യബലിയിൽ സംബന്ധിക്കുക, അംഗത്വ സ്വീകരണം നടത്തുക)

**ജൂലൈ 6 ശനി-** മേഖലാതല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തുക, പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക.

**ജൂലൈ 13 ശനി-** രൂപതാ തല പ്രവർത്തനവർഷ ഉദ്ഘാടനം, രൂപതാ കൗൺസിൽ മാർഗ്ഗരേഖ പ്രകാശനം.

**ജൂലൈ 26 വെള്ളി-**ചെറുപുഷ്പ മിഷൻലീഗ് ഉദ്ഘാടകൻ അഭിവന്ദ്യ മാർ തോമസ് തറയിൽ ചരമദിനം (അന്നേദിനം ദിവ്യബലിയിൽ പങ്കെടുത്ത് അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുക).

**ജൂലൈ 28 ഞായർ-**വി. അൽഫോൻസാമ്മയുടെ തിരുനാൾ (സംഘടനയുടെ ഉപമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ഭക്തനിർഭരമായി ആചരിക്കുക, ദിവ്യബലിയിൽ പങ്കെടുത്ത് മാദ്ധ്യസ്ഥം അപേക്ഷിക്കുക).

പ്രാർത്ഥനാ നിയോഗം - സഭയുടെ പ്രേഷിത പ്രവർത്തന വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുക.

**രൂപതാ കൗൺസിൽ പ്രവർത്തനവർഷ ഉദ്ഘാടനം**

2013-14 പ്രവർത്തനവർഷ ഉദ്ഘാടനവും കൗൺസിലും 2013 ജൂലൈ 13-ാംതിയതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത കൗൺസിലിൽ ശാഖാ-മേഖലാ ഭാരവാഹികൾ, ആനിമേറ്റേഴ്സ്, ഡയറക്ടേഴ്സ് എന്നിവർ പങ്കെടുക്കേണ്ടതാണ്. ശനിയാഴ്ച 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കും. ഉച്ചകഴിഞ്ഞ് 3 മണിവരെയാണ് കൗൺസിലിംഗ് നടത്തപ്പെടുക. രജി. ഫീസ് പങ്കെടുക്കുന്ന ഒരംഗത്തിന് 50 രൂപ വീതം (ഉച്ചഭക്ഷണം ഇവിടെ ലഭ്യമായിരിക്കുന്നതാണ്).

എല്ലാ കുഞ്ഞുമിഷനറിമാർക്കും പുതിയ പ്രവർത്തനവർഷത്തിന്റെ വിജയാശംസകൾ നേരുന്നു.

**സുകൃത ജപം** -വി. തോമാശ്ലീഹായെ, വി. അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

**ഫാ. നീലേഷ് തുരുത്തുവേലിൽ**
ഡയറക്ടർ

## കെ. സി. വൈ. എം

**രൂപതാതല യുവജനദിനാഘോഷം-ജൂലൈ 13**

*ഏവർക്കും യുവജനദിനാശംസകൾ*

കേരളസഭ ജൂലൈ 7-ാം തിയ്യതി യുവജനദിനമായി ആചരിക്കുകയാണ്. യൂണിറ്റുതലങ്ങളിലും ഫൊറോനതലങ്ങളിലും ഉചിതമായ പരിപാടികളോടെ യുവജനദിനാഘോഷം നടത്തേണ്ടതാണ്.

പാലക്കാട് കെ.സി.വൈ.എം യുവജന പ്രസ്ഥാനത്തിന്റെ രൂപതാതല യുവജനദിനാഘോഷം വടക്കഞ്ചേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫൊറോന പള്ളിയിൽ വച്ച് **ജൂലൈ 13 ശനിയാഴ്ച** സമുചിതമായി ആഘോഷിക്കുന്നു. രാവിലെ 9.30 ന് പതാക ഉയർത്തലോടെ ആരംഭിക്കുന്ന പരിപാടിയിൽ യുവജനങ്ങൾക്കായുള്ള പ്രത്യേക കുർബ്ബാന, സെമിനാർ, സ്നേഹവിരുന്ന്, എന്നിവ ക്രമീകരിച്ചിരുന്നു. അങ്ങയുടെ യൂണിറ്റിൽ നിന്നും പരമാവധി യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ. രജി. ഫീ ഒരാൾക്ക് 25 രൂപ ആയിരിക്കും.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ

## മാതൃസംഘം

**അവിടുന്ന് കാലത്തിന്റെ പൂർണ്ണതയിൽ വിധിയാളനായി വീണ്ടും വരുമെന്നും ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുമെന്നുള്ള വിശ്വാസം**

ജൂലൈ 27 – മാതൃസംഘം ഫൊറോനതല അർദ്ധവാർഷിക ജനറൽ ബോഡി.

കവിതാരചനാ മത്സരം – 30 മിനിറ്റ്, 16 മുതൽ 20 വരെ വരികൾ (യൂണിറ്റ്, ഫൊറോനതലങ്ങളിൽ)

വിശ്വാസവർഷ മെഗാക്വിസ് പ്രോഗ്രാമിൽ അമ്മമാർ പേര് രജിസ്റ്റർ ചെയ്യുകയും പഠനസഹായി വാങ്ങി പഠനമാരംഭിക്കുകയും ചെയ്യുക.

**2013 ഓഗസ്റ്റ്**

ഓഗസ്റ്റ് 22 – മാതൃസംഘം ഫൊറോനതല സാഹിത്യമത്സരങ്ങൾ (വിശ്വാസവർഷ അനുബന്ധ വിഷയങ്ങൾ).





ഓഗസ്റ്റ് 9 – മാതൃസംഘം രൂപതാതല ഡിബേറ്റ്

**വിഷയം** : വർദ്ധിച്ചുവരുന്ന ഭക്താത്മാക്കളും വിശ്വാസമില്ലാത്ത തലമുറയും- വൈരുദ്ധ്യമോ?

a) ഭക്താത്മാക്കളുടെ ആദ്ധ്യാത്മിക അടിത്തറ

b) വിശ്വാസിയുടെ വിശ്വാസ പ്രതിസന്ധികൾ

വചനസദ്യ – വചനപഠനത്തിനുതകുന്ന മത്സരങ്ങൾ.

**ഫാ. റെജി മാത്യു പെരുമ്പിള്ളിൽ**
ഡയറക്ടർ

## ഫാമിലി അപ്പോസ്റ്റലേറ്റ്

**പ്രീകാന കോഴ്സ്**

**ജൂലൈ** മാസത്തിലെ പ്രീകാനകോഴ്സ് **1,2,3,4** തിയ്യതികളിലും **ആഗസ്റ്റ്** മാസത്തിലെ പ്രീകാനകോഴ്സ് **5,6,7,8** തിയ്യതികളിലുമായി മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു. കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

പ്രീകാനയുടെ ദിവസങ്ങളിൽ മനസമ്മതം ക്രമീകരിക്കുന്നതും കോഴ്സു കഴിയുന്നതിനുമുമ്പ് പറഞ്ഞുവിടേണ്ടിവരുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതുകൊണ്ടു വികാരിയച്ചന്മാർ ഇതു പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

## മദ്യവിരുദ്ധസമിതി

2013 ജൂലൈ 8 ന് പാസ്റ്ററൽ സെന്ററിൽ വച്ച് ഒരുമിച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ അതിന്റെ പ്രധാന ചർച്ചാവിഷയമായി എടുത്തത് "വർദ്ധിച്ചുവരുന്ന ലഹരി സംസ്ക്കാരം വിശ്വാസത്തിന് ഉയർത്തുന്ന വെല്ലുവിളി" എന്നതായിരുന്നു മദ്യവിരുദ്ധ പ്രവർത്തനങ്ങൾ രൂപതയുടെയും വിശ്വാസവർഷത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട മേഖലയായി കാണണം എന്ന് അഭിപ്രായപ്പെട്ട പാസ്റ്ററൽ കൗൺസിലിന്റെ പ്രധാന തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.

a. രൂപതയിലെ എല്ലാ ഇടവകയിലും മദ്യവിരുദ്ധ സമിതി രൂപീകരിക്കുക. പ്രവർത്തനം സജീവമാക്കുക.

b. മദ്യവിപത്തിനെതിരെ ജാഗ്രത ഉണർത്തി കുട്ടികളുടെ ഒരു കർമ്മസേന രൂപീകരിക്കുക.

c. മദ്യപാനാസക്തിയുള്ളവർക്ക് ചികിത്സ നൽകുക.

**രൂപതാസമിതി ഭാരവാഹികൾ**

2013 ജൂലൈ 15 ന് എല്ലാ ഫൊറോനകളിലേയും ഭാരവാഹികളെ ഉൾപ്പെടുത്തി രൂപതാ സമതി പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി. അഭിവന്ദ്യ മാർ. ജേക്കബ് മനത്തോടത്ത് പിതാവ് അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത മീറ്റിങ്ങിൽ രൂപതാ സമിതി തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ. സെസിൽ എബ്രഹാം, കേരളശ്ശേരി |
| വൈ. പ്രസിഡന്റ് | - ശ്രീ. സിബി കെ. ജോൺ, ഒലവക്കോട് |
| സെക്രട്ടറി | - ശ്രീ. ജോയ് നാരംവേലിൽ, കൊടുംന്തിരപ്പള്ളി |
| ജോ. സെക്രട്ടറി | - ശ്രീ. ജെയ്മോൻ പി. ജോർജ്ജ്, വിമലഗിരി |
| | - ശ്രീ. സെലിൻ തോമസ്, വചനഗിരി |
| ട്രഷറർ | - ശ്രീ. രാജു നെടുമറ്റത്തിൽ, വടക്കഞ്ചേരി |
| പി.ആർ.ഒ | - ശ്രീ. സി. എ. മാത്യു, കല്ലടിക്കോട് |
| ആനിമേറ്റർ | - സി. ശുഭ എം.എസ്.ജെ. |
| റിസോഴ്സ് പേഴ്സൺ | - ശ്രീ. കെ.പി. ലോറൻസ് |

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

ശ്രീ. ജോസ് മഞ്ഞളി (പാലക്കാട്), ശ്രീ. ജോസ് വി.വി. (കാഞ്ഞിരപ്പുഴ), ശ്രീ. റാഫേൽ മണിയംകോട്ടിൽ (കൊടുവായൂർ), ശ്രീ. ബേബി വള്ളനാട്ട് (വടക്കഞ്ചേരി), ശ്രീ. തോമസ് കുഴിഞ്ഞാലിൽ (കരിമ്പ), ശ്രീ. തോമസ് ചിറവയലിൽ (ഒലവക്കോട്), ശ്രീ. തോമസ് കൊടകശ്ശേരിൽ (കൊളക്കാട്ടുകുറിശ്ശി), ശ്രീ. സാബു പീറ്റർ (പാലക്കാട്).

എന്നിവരും എല്ലാ ഫൊറോനകളിൽ നിന്നും ഓരോപ്രതിനിധികളെ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് മെമ്പേഴ്സിനെയും തിരഞ്ഞെടുത്തു.

**ശ്രദ്ധിക്കുക**

മദ്യവിപത്തിനെതിരെ ജനത്തെ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ഇടവകകളിലും യൂണിറ്റുകളിലും ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിക്കുക.

ക്ലാസുകൾക്ക് ആവശ്യമായ Resource team നെ ലഭിക്കാൻ രൂപതാ സമിതിയുമായി ബന്ധപ്പെടുക.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജിജോ പാറയിൽ**
ഡയറക്ടർ







# നവീകരണ മുന്നേറ്റം

**കെ.എസ്.ടി. ചെയർമാന്റെ സന്ദർശനം**

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറിയും കെ.എസ്.ടി. ചെയർമാനുമായ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളിയും കെ.എസ്.ടി. അംഗങ്ങളും പാലക്കാട് സോണിൽ സന്ദർശനം നടത്തി. ജൂൺ 19 ബുധനാഴ്ച രാവിലെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് സോണൽ ഡയറക്ടർ ഫാ. റെനി പുല്ലുകാലായിലും സോണൽ സർവ്വീസ് ടീമംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. സബ്സോൺ കോ-ഓർഡിനേറ്റർമാർ. കെ.എ.സി. അംഗങ്ങൾ, മിനിസ്ട്രി കോ-ഓർഡിനേറ്റർമാർ എന്നിവരും ഈ കൂട്ടായ്മയിൽ പങ്കെടുത്തു.

**ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം : Zume - II**

സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ നടത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ രണ്ടാമത്തെ ബാച്ച് ജൂലൈ 20-ാം തിയ്യതി ആരംഭിക്കുന്നു. പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് രാവിലെ 10 മണിക്ക് അഭിവന്ദ്യപിതാവ് മാർ ജേക്കബ് മനത്തോടത്ത് പ്രോഗ്രാം ഉൽഘാടനം ചെയ്യുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ജൂലൈ 5ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9446728293.

**പ്രാർത്ഥനാ ഗ്രൂപ്പുകൾ - ഇടവകയുടെ പവർ ഹൗസ്**

ഓരോ ഇടവകയുടെയും ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ് പ്രാർത്ഥനാ ഗ്രൂപ്പുകൾ. ഇടവകയുടെ ഐക്യത്തിന്റെയും പങ്കുവെയ്ക്കലിന്റെയും പ്രാർത്ഥനയുടെയും കേന്ദ്രമാണ് പ്രാർത്ഥനാകൂട്ടായ്മകൾ. ആദിമ സഭയിലെ ചൈതന്യം നിലനിർത്താൻ സഭ എന്നും ഇത്തരം കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. നമ്മുടെ സോണിൽ പലയിടത്തും പ്രാർത്ഥനാഗ്രൂപ്പുകൾ ഉണ്ട്. അവയെ ശക്തിപ്പെടുത്താനും പ്രാർത്ഥനാകൂട്ടായ്മകൾ ഇല്ലാത്തിടത്ത് ആരംഭിക്കാനും സോണൽ സർവ്വീസ് ടീം ആഗ്രഹിക്കുന്നു. അതുവഴി എല്ലാ മേഖലയിലും ക്രിസ്തുവിലുള്ള നവീകരണം സംജാതമാകുന്നതിനും, വിശ്വാസത്തിൽ ആഴമേറിയ വളർച്ച അനുഭവിക്കാനും, എന്നും നവചൈതന്യത്തോടെ ജീവിതം ധന്യമാക്കുന്നതിനും ഇടയാക്കും. പ്രാർത്ഥനാകൂട്ടായ്മകൾ തുടങ്ങുന്നതിനും ശക്തിപ്പെടുത്തുന്നതിനും സോണൽ തലത്തിൽ പ്രോത്സാഹനം നൽകുന്നതിന് സോണൽ നേതൃത്വം തയ്യാറെടുത്തിരിക്കുകയാണ്.

**കൂടുതൽ വിവരങ്ങൾക്ക്**

സോണൽ ഡയറക്ടർ, ഫാ. റെനി പുല്ലുകാലായിൽ. 9745000731

സോണൽ കോ-ഓർഡിനേറ്റർ - ഉമ്മൻ മാത്യു. 9446728293

**മദ്ധ്യസ്ഥ പ്രാർത്ഥനാകൂട്ടായ്മകൾ**

എല്ലാ ചൊവ്വാഴ്ചയും 2.00 pm-5.00pm മണ്ണാർക്കാട് പ്രസാദമാതാ പള്ളിയിൽ

എല്ലാ ബുധനാഴ്ചയും 10.00am - 3.00 pm കാഞ്ഞിരപ്പുഴ ഫൊറോന പള്ളിയിൽ

എല്ലാ വ്യാഴാഴ്ചയും 10.00am-1.00pm വള്ളിയോട് സെന്റ് ജോസഫ് കോൺവെന്റ് ചാപ്പലിൽ

എല്ലാ വെള്ളിയാഴ്ചയയും10.00 am 3.00pm പാലക്കാട് പാസ്റ്ററൽ സെന്ററിൽ കരിസ്മാറ്റിക് ഓഫീസിൽ.

**നവജീവൻ 2013 കരിസ്മാറ്റിക് സംഗമം**

പാലക്കാട് സോണൽ സർവ്വീസ് ടീം നേതൃത്വം നൽകുന്നു. 2013 ജൂലൈ 20 ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ രാവിലെ 9.30 മുതൽ 3.30 വരെ. അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്ത് സന്ദേശം നൽകുന്നു. നവീകരണ രംഗത്ത് പ്രവർത്തിച്ചിരുന്നവരേയും ഇപ്പോൾ പ്രവർത്തിക്കുന്നവരേയും നവീകരണത്തെ സ്നേഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനം നയിക്കുന്നത് |
|---|---|---|
| ജൂലൈ | 07-12 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂലൈ | 14-19 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂലൈ | 21-26 | പ്രീസ്റ്റ് പവർ കോൺഫറൻസ്<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂലൈ 28 ആഗസ്റ്റ് 2 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |





സീറ്റുകൾ ബുക്കുചെയ്യുന്നത് ഓൺലൈനിലൂടെ മാത്രം. എല്ലാമാസത്തിന്റെയും ഒന്നാം തീയതി (ഞായർ ഒഴികെ) രാവിലെ 10 മണിക്ക് ബുക്കിംഗ് ആരംഭിക്കും. address: www sehion.in ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

ജൂലൈ 20 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**സെഹിയോൻ റേഡിയോ**

24 മണിക്കൂറും ദൈവവചനവും സഭാത്മക ശുശ്രൂഷയും ഈ റേഡിയോയിലൂടെ ലഭ്യമാണ്. ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഈ റേഡിയോ ലഭ്യമാണ്. address: www sehionradio.org

**സെഹിയോൻ മൊബൈൽ ആപ്ലിക്കേഷൻ**

ഈ ആപ്ലിക്കേഷൻ ഇന്റർനെറ്റ് കണക്ഷനുള്ള എല്ലാ ഫോണുകളിലും റൺ ചെയ്തു. ആൻഡ്രോയ്ഡ് സ്റ്റോർ, ഐഫോൺസ്റ്റോർ എന്നിവയിൽ ഈ ആപ്ലിക്കേഷൻ ലഭ്യമാണ്. കൂടാതെ **www.sehion.org/m** എന്ന അഡ്രസ്സിലും ലഭ്യമാണ്. സെഹിയോൻ ശുശ്രൂഷകളും സഭാത്മക ശുശ്രൂഷകളും സെഹിയോൻ വീഡിയോ ഓഡിയോ പ്രോഗ്രാമുകളും ഇതിലൂടെ ലഭ്യമാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ മിനിസ്ട്രീസ്

## പി. എസ്. എസ്. പി.

**പി.എസ്.എസ്. പി. ജനറൽബോഡിയോഗം**

പിപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ 2013-2016 കാലഘട്ടത്തിലേക്കുള്ള ജനറൽ ബോഡിയുടെ പ്രഥമയോഗം 27.7.2013 ശനിയാഴ്ച രാവിലെ 10.30 മുതൽ 2 മണിവരെ പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

**അഭിനന്ദനങ്ങൾ**

പി.എസ്.എസ്.പി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കർഷകസംഘങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ജെ.എൽ.ജി ലോണെടുത്ത സംഘങ്ങൾ നൂറ് ശതമാനവും തിരിച്ചടച്ച് ലോൺ പുതുക്കിയിരിക്കുന്നു. എല്ലാ സംഘങ്ങൾക്കും അഭിനന്ദനങ്ങൾ! പുതിയ കൂട്ടുബാദ്ധ്യതാ കർഷക സംഘങ്ങൾക്ക് സ്വാഗതം.

**G. G. Food Products**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റി പാലക്കാട് ഉം കർഷകസംഘങ്ങളും സംയുക്തമായി ആരംഭിച്ച ഗ്രാമീൺ ഗ്രീൻ ഫുഡ്സിന്റെ ചക്ക മൂല്യവർധിത ഉൽപന്നങ്ങൾ ഇപ്പോൾ ലഭ്യമാണ്. നിർജലീകരിച്ച ചക്ക അരിഞ്ഞത് (deyhydrated matured jackfrut) 250 ഗ്രാം പാക്കറ്റ് 65 രൂപക്കും ചക്കവരട്ടിയത് 500 ഗ്രാം 175 രൂപക്കും ചക്കപ്പഴം ഉണക്കിയത് 500 ഗ്രാം 150 രൂപക്കും ലഭ്യമാണ്. താൽപര്യമുള്ളവർ ഫോണിൽ ബന്ധപ്പെടുക.കൊയിനോണിയ സൂപ്പർ മാർക്കറ്റിൽ ഇവ ലഭ്യമാണ്.

Phone: 0491 2527784, 9447180679, 9946986233

**ഹരിതം കൂട്ടുബാദ്ധ്യതാ സംഘങ്ങളുടെ വായ്പാ തിരിച്ചടവുതുടങ്ങി**

ദേശീയ കാർഷിക ഗ്രാമവികസനബാങ്ക് (നബാർഡ്) പീപ്പിൾസ് സർവീസ് സൊസൈറ്റി പാലക്കാടുമായി ചേർന്ന് ബാങ്ക് ഓഫ് ഇന്ത്യ മുഖേന നടപ്പാക്കി വരുന്ന ഹരിതം കൂട്ടുബാദ്ധ്യതാ സംഘങ്ങളുടെ കാർഷികവായ്പ തിരിച്ചടവു തുടങ്ങി. 86 സംഘങ്ങൾക്കായി 3,17,00,000 രൂപയാണ് വായ്പ നൽകിയിരുന്നത്. വായ്പതിരിച്ചടച്ച സംഘങ്ങൾക്ക് പുനർവായ്പയും പുതിയ സംഘങ്ങൾക്കുള്ള വായ്പയും വിതരണമാരംഭിച്ചു. 2013 –14 ൽ പുതിയ 300 കൂട്ടുബാദ്ധ്യതാ സംഘങ്ങൾക്കു വായ്പ വിതരണം ചെയ്യുവാനാണു ലക്ഷ്യമിട്ടിട്ടുള്ളത്.

**കാലാവസ്ഥാധിഷ്ഠിത വിള ഇൻഷൂറൻസിനു സമയമായി**

മഴ കൂടുകയോ കുറയുകയോ ചെയ്യുക, കാലം തെറ്റി മഴ പെയ്യുക, അന്തരീക്ഷോഷ്മാവു കൂടുകയോ കുറയുകയോ ചെയ്യുക, കൊടുങ്കാറ്റുകളുണ്ടാവുക തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന വിള നഷ്ടത്തിൽ നിന്നു കർഷകർക്കു സംരക്ഷണം നൽകുന്നതിനുവേണ്ടി കേന്ദ്രസർക്കാരിനു കീഴിലുള്ള അഗ്രികൾച്ചർ ഇൻഷൂറൻസു കമ്പനി ഓഫ് ഇൻഡ്യ സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസിനു തുടക്കമായി പാലക്കാട് ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ മാത്രമായി നടപ്പാക്കിയിരുന്ന പദ്ധതി ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള 12 ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.





നെല്ല് തെങ്ങ്, വാഴ, കുരുമുളക്, പൈനാപ്പിൾ, ഏലം ഇഞ്ചി, മഞ്ഞൾ കമുക് കരിമ്പ് എന്നിവയാണ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.

നെൽകൃഷിക്ക് പ്രീമിയം സംഖ്യയുടെ 75 ശതമാനവും മറ്റുള്ളവയ്ക്ക് 50 ശതമാനവും ഗവൺമെന്റ് സബ്സിഡി നല്കും. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വിള | ഇൻഷൂർതുക(ഏക്കറിന്) | പ്രീമിയംതുക (ഏക്കർ) | സബ്സിഡി കഴിച്ച് അടയ്ക്കേണ്ട പ്രീമിയം |
|---|---|---|---|---|
| 1 | നെല്ല് | 14,0001 | 400 | 350 |
| 2 | തെങ്ങ് | 14,000 | 1680 | 840 |
| 3 | വാഴ | 40,000 | 4800 | 2400 |
| 4 | കുരുമുളക് | 16,000 | 1920 | 960 |
| 5 | പൈനാപ്പിൾ | 12,000 | 1440 | 720 |
| 6 | ഏലം | 16,000 | 1920 | 960 |
| 7 | ഇഞ്ചി | 40,000 | 4800 | 2400 |
| 8 | മഞ്ഞൾ | 24,000 | 2880 | 1440 |
| 9 | കമുക് | 18,000 | 2160 | 1080 |
| 10 | കരിമ്പ് | 12,000 | 14400 | 720 |

വാഴയും പൈനാപ്പിളും സെപ്റ്റംബർ രണ്ടാം വാരം മുതലും മറ്റ് എല്ലാ വിളകളും ജൂലൈ ഒന്നാം തീയതി മുതലും ഇൻഷ്വർ ചെയ്യാവുന്നതാണ്. സബ്സിഡി കഴിച്ചുള്ള പ്രീമിയം തുകയടച്ചു വിളകൾ ഇൻഷ്വർ ചെയ്യാൻ അതതു കൃഷിഭവനുകളെ സമീപിക്കണം.

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

2013 ജൂലൈ മാസം 4–ാം തീയതി വ്യാഴാഴ്ച കാലത്ത് 11 മണിക്ക് പി.എസ്.എസ്.പി.യിൽ വച്ച് ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് നടത്തുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗ്**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.7.13 | തിങ്കൾ | പാലക്കാട്/മലമ്പുഴ | കോട്ടായി | 10.30to12.30pm |
| 10.7.13 | ബുധൻ | മണ്ണാർക്കാട് | കല്ലടിക്കോട് | 10.30to12.30pm |
| 11.7.13 | വ്യാഴം | ശ്രീകൃഷ്ണപുരം | ആലങ്ങാട് | 10.30to12.30pm |
| 12.7.13 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2.00 to 4.00 pm |
| 15.7.13 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫിസ് അഗളി | 10.30to12.30pm |

| | | | | |
|---|---|---|---|---|
| 17.7.13 | ബുധൻ | നെന്മാറ | നെന്മാറ പാരിഷ്ഹാൾ | 10.30to12.30pm |
| 24.7.13 | ബുധൻ | ആലത്തൂർ | F.C.C. വടക്കഞ്ചേരി | 10.30to12.30pm |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയ്യതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 15.07.2013 | തിങ്കൾ | ഗൂളിക്കടവ്, റീജിയണൽ ഓഫീസ് | 10am to 1pm |
| 16.07.2013 | ചൊവ്വ | സാൻജോ ടവർ, പാലക്കാട് | 10am to 1pm |
| 17.07.2013 | ബുധൻ | നെന്മാറ, പാരീഷ് ഹാൾ | 10am to 1pm |
| 18.07.2013 | വ്യാഴം | കരിമ്പ, പാരീഷ് ഹാൾ | 10am to 1pm |
| 24.07.2013 | ബുധൻ | FCC വടക്കഞ്ചേരി | 10am to 1pm |

**ന്യൂനപക്ഷ ഗ്രൂപ്പ് (അയൽകൂട്ടങ്ങൾ)**

പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റെ സഹായങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി (കുറഞ്ഞ പലിശ നിരക്കിൽ (5%) വരുമാന ദായക വായ്പ) പിന്നോക്ക വിഭാഗങ്ങളുടെ (ക്രിസ്റ്റ്യൻ 80% മുസ്ലീം 80%) അയൽകൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. അയൽക്കൂട്ടങ്ങൾ രൂപീകരിക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നബാർഡ് WSHG**

നിലവിൽ കുടുംബശ്രീയിൽ അംഗങ്ങളല്ലാത്ത സ്ത്രീകളെ കൂടി സർക്കാർ പദ്ധതികളിലേയ്ക്ക് ബന്ധപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം നബാർഡ് പി.എസ്.എസ്.പി. യുടെ സഹകരണത്തോടെ 10 മുതൽ 20 സ്ത്രീകൾ വരെ ഉൾപ്പെട്ട അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ബാങ്കുമായി ബന്ധപ്പെടുത്തി വായ്പകൾ തരപ്പെടുത്തികൊടുക്കുന്നു. പാലക്കാട്,തൃത്താല, കുഴൽമന്ദം, ആലത്തൂർ, മണ്ണാർക്കാട്, അട്ടപ്പാടി എന്നീ ബ്ലോക്കുകളും പാലക്കാട് മുൻസിപാലിറ്റിയുമാണ് പി.എസ്.എസ്.പി.യുടെ പ്രവർത്തനമേഖല. കഴിഞ്ഞ മൂന്നു മാസങ്ങൾകൊണ്ട് ഈ പ്രദേശത്ത് 300 ഗ്രൂപ്പുകൾ ആരംഭിച്ചു. പുതിയ ഗ്രൂപ്പുകൾ തുടങ്ങുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.





**പുതിയ പ്രോജക്ടുകൾ**

* കാഞ്ഞിരപ്പുഴ, തച്ചനാട്ടുകര, മങ്കര പഞ്ചായത്തുകളിൽ പശ്ചിമഘട്ട നീർത്തട വികസന പ്രവർത്തന പദ്ധതികൾ അടുത്ത 3 വർഷത്തേക്ക് നടപ്പിലാക്കുന്നതിന് പി.എസ്.എസ്.പി.യെ തിരഞ്ഞെടുത്തു. പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. അടങ്കൽ തുക 3.5 കോടി രൂപ.

* പുതിയതായി 300 കൂട്ടുബാദ്ധ്യതാ സംഘങ്ങൾ ആരംഭിക്കുന്നതിന് നബാർഡ് പി.എസ്.എസ്.പി. ക്ക് അനുമതി നല്കിയിരിക്കുന്നു.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന മെഡിക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 365 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 550 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 700 രൂപയുമാണ് പ്രീമിയം. വർഷം 30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും വെവ്വേറെ ചേർക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**തൊഴിൽ പരിശീലനങ്ങൾ**

അധിക വരുമാനം ഉണ്ടാക്കുവാനാഗ്രഹിക്കുന്ന വീട്ടമ്മമാർക്കു വേണ്ടി പി.എസ്.എസ്.പി വിവിധതരം തൊഴിൽ പരിശീലനങ്ങൾ ഗ്രാമതലങ്ങളിൽ നടത്തിവരുന്നു.20 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ (സോപ്പ്, സോപ്പുല്പന്നങ്ങൾ, ഫാൻസി ആഭരണ നിർമ്മാണം, ചക്ക വിഭവങ്ങൾ) ആവശ്യമുണ്ടെങ്കിൽ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടുക.

| | |
|---|---|
| സോപ്പ്/സോപ്പുല്പന്നങ്ങൾ | രണ്ടു ദിവസം |
| ഫാൻസി ആഭരണ നിർമ്മാണം | മൂന്ന് ദിവസം |
| ചക്ക വിവഭങ്ങൾ | ഒരു ദിവസം |

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കേന്ദ്ര മാനവവിഭവശേഷി വികസനമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 2013-2014 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മെയ്യ്, ജൂൺ മാസം നടപ്പിലാക്കിയ സങ്കേതിക തൊഴിൽ പരിശീലന ബാച്ചുകളുടെ വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

| SL. No | Name of Batch | Place |
|---|---|---|
| 1 | Cutting & Tailoring | 1.Palappuram<br>2. Kollemkode<br>3.Parakulam<br>4.RV Pudur<br>5.Vayalur<br>6. Agali<br>7. Mochilakadavu I<br>8. Mochilakadavu II<br>9. Mattathukadu<br>10.Karara<br>11. Kalkkandi<br>12. Nakkupathy |
| 2 | Hand Embroidery | 1. Dhonikundu |
| 3 | Fabric Painting | 1. Chathamkulam SC Colony(Kongad)<br>2. Vilangumuk |
| 4 | Screen Printing | 1. Angadiparambu 2. Alathur |

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ ബോർഡ് മീറ്റിംഗ് നടത്തി.**

കേന്ദ്ര ഗവൺമെന്റിന്റെ മാനവ വിഭവശേഷി വികസനമന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാങ്കേതിക തൊഴിൽ പരിശീലനകേന്ദ്രമായ ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ നടപ്പു സാമ്പത്തിക വർഷത്തിൽ നടത്തപ്പെട്ട ബോർഡ് മീറ്റിംങ്ങിൽ വച്ച് മുൻസാമ്പത്തിക വർഷങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തപ്പെട്ടു. പ്രസ്തുത അവലോകന യോഗത്തിൽ വച്ച് ജെ. എസ്.എസിന്റെ പരിശീലനം പൂർത്തിയാവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 233 പഠിതാക്കൾക്ക് ചെറുകിട വരുമാനദായക യൂണിറ്റ് തുടങ്ങുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വഴി സാമ്പത്തിക ഉൾപ്പെടുത്തതിലൂടെ 34,95,000/-രൂപ വായ്പയായി വിതരണം ചെയ്തു. ഇതിൽ 129 പഠിതാക്കൾ അട്ടപ്പാടി മേഖലയിലെ നിർദ്ദരരായ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഇവർ നടത്തുന്ന കൃത്യമായ വായ്പ തിരിച്ചടവിനെ ജെ എസ് എസ്





ബോർഡ് മീറ്റിംങ്ങിലെ ഓരോ അംഗവും മുക്തകണ്ഠം പ്രശംസിച്ചു. കൂടാതെ 2013-2014 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ട കോഴ്സുകളെകുറിച്ചും ഇതര പ്രവർത്തനങ്ങളെക്കുറിച്ചും യോഗത്തിൽ ചർച്ച ചെയ്തു. ജെ.എസ്.എസിന്റെ ചെയർമാൻ ഫാ. ജേക്കബ് മാവുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മറ്റ് ബോർഡ് അംഗങ്ങളായ Msgr. ജോസഫ് ചിറ്റിലപ്പിള്ളി, ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ, ഫാ. സീജോ കാരിക്കാട്ടിൽ, സിസ്റ്റർ ത്രേസ്യ പി.എ, ശ്രീ. റഷീദ് കണിച്ചേരി, ശ്രീ. മനോജ് സെബാസ്റ്റ്യൻ, ശ്രീ. ശ്യംലാൽ, ശ്രീ. അസ്ഗർഷാ, അഡ്വ. മിനി ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ജെ.എസ്.എസ് ഡയറക്ടർ ശ്രീ. കെ.ഡി. ജോസഫ് നന്ദി പറഞ്ഞു.

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# കെ.എൽ.എം. പാലക്കാട്

കേരള ലേബർ മൂവ്മെന്റിലൂടെ 'സുരക്ഷ' പദ്ധതിയിലും മറ്റ് ക്ഷേമനിധി യിലും അംഗങ്ങൾ ആയി വാർഷിക വരിസംഖ്യ അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിന് അപേക്ഷ നൽകാവുന്ന സമയം ജൂലൈ 15 വരെ ആയിരിക്കും.

പുതുതായി സുരക്ഷാപദ്ധതിയിലും, തയ്യൽതൊഴിലാളിക്ഷേമനിധി, കൈത്തൊഴിലാളി ക്ഷേമനിധി, ഗാർഹിക തൊഴിലാളി ക്ഷേമനിധി, ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്നിവയിലും ചേരുവാൻ ആഗ്രഹിക്കു ന്നവർ ഉടൻ കെ.എൽ.എം. ഓഫീസുമായോ അടുത്തുള്ള ഇടവകയോടു ചേർന്ന് പ്രവർത്തിക്കുന്ന കെ.എൽ.എം. യൂണിറ്റുമായോ ബന്ധപ്പെടുക. (ഓ ഫീസ് നമ്പർ 8281876395)

**ഫാ. ജേക്കബ് മാവുങ്കൽ**

ഡയറക്ടർ

# From the Bishop's Diary

**2013 മെയ്**

28 – പൊൽപ്പുള്ളി സെന്റ് ഫ്രാൻസിസ് നോവിഷ്യേറ്റ് ഹൗസിൽ നൊവീസ്സസിന് ക്ലാസ്സെടുത്തു.

29 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

30 – അരമനയിൽ രൂപതാ കൺസൾട്ടേഴ്സ് മീറ്റിംഗിലും പ്രസ്ബിറ്ററൽ കൗൺസിലിലും ആദ്ധ്യക്ഷ്യംവഹിച്ചു.

31 – ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണിയെ അരമനയിൽ സ്വീകരിച്ചു.

**2013 ജൂൺ**

1 – എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ഒരു വിവാഹം ആശീർവ്വദിച്ചു.

– ചേർത്തല നൈപുണ്യ കോളേജ് സന്ദർശിച്ചു.

2 – മാർപാപ്പയുടെ ആഹ്വാനപ്രകാരം കത്തീഡ്രലിൽ നടത്തിയ തിരുമണിക്കൂർ ആരാധനയിൽ സംബന്ധിച്ചു.

3 – തത്തമംഗലം സെന്റ് മേരീസ് സ്കൂളിന്റെ പുതിയകെട്ടിടം ആശീർവ്വദിച്ചു. സ്കൂൾ വർഷാരംഭം പ്രമാണിച്ച് സന്ദേശം നൽകി.

– ധോണി മരിയൻ റിന്യൂവൽ സെന്ററിൽ ധ്യാന ടീം അംഗങ്ങൾക്ക് സന്ദേശം നൽകി.

4-5 – പി.ഒ.സി.യിൽ കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

6 – സുപ്രീംകോടതി ജഡ്ജി ആയതിനുശേഷം ആദ്യമായി അരമനയിൽ എത്തിയ ജസ്റ്റിസ് കുര്യൻ ജോസഫിന് സ്വീകരണം നൽകി.

– സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിച്ച അച്ചന്മാർക്ക് സന്ദേശം നൽകി.

7 – പാസ്റ്ററൽ സെന്ററിൽ ബി.ടി.സി. കോഴ്സിൽ സംബന്ധിച്ച മതാദ്ധ്യാപകർക്ക് സന്ദേശം നൽകി.

– പാലന ആശുപത്രിയിൽ തിരുഹൃദയ തിരുനാൾ പ്രമാണിച്ച് വി. കുർബാനയർപ്പിച്ചു.





8 – പാസ്റ്ററൽ സെന്ററിൽ പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– ആയുർപാലന ആശുപത്രിക്കുസമീപം നിർമ്മിച്ച സാൻജോ പ്രീസ്റ്റ് ഹോം വെഞ്ചിരിച്ചു.

9 – ജെല്ലിപ്പാറ സെന്റ് പീറ്റേഴ്സ് ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

– കാരറ സെന്റ് ജോസഫ് ഇടവകയിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച കുരിശടി വെഞ്ചരിച്ചു.

10 – യുവക്ഷേത്ര കോളേജിൽ സ്റ്റാഫ് അംഗങ്ങൾക്ക് സന്ദേശം നൽകി.

– യുവക്ഷേത്രയിൽ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

11 – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

12 – അരമനയിൽ താവളം ഫൊറോനയിലെ അച്ചന്മാരുടെയും കെ.സി.വൈ.എം. പ്രതിനിധികളുടെയും സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

13 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

14 – ഇളവംമ്പാടം സെന്റ് തോമസ് പള്ളി സന്ദർശിച്ചു.

– ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമിക്കുന്ന ബഹു. ജോഷി ചക്കാലയ്ക്കലച്ചനെ വീട്ടിൽ സന്ദർശിച്ചു.

– ആലപ്പുഴ അരമനയിൽ അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിനെ സന്ദർശിച്ചു.

15 – പാസ്റ്ററൽ സെന്ററിൽ വൈ.എം.സി.എ.യുടെ സംസ്ഥാന കോൺഫറൻസ് സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

– പാസ്റ്ററൽ സെന്ററിൽ രൂപതാ മദ്യവിരുദ്ധസമിതി അംഗങ്ങളുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

16 – അട്ടപ്പാടിയിൽ പാലന ആശുപത്രി, പി.എസ്.എസ്.പി., CHAI ഇന്ത്യ, ASSO എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

– കോട്ടായി സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ചു.

17 – റോമിലേക്ക് പുറപ്പെട്ടു